# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഉപ്പുതറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.3-1615 /2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 10/01/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉപ്പുതറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.3-1615 /2022 തീയ്യതി: 10/01/2023

## ഇടുക്കി ജില്ലയിലെ ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 02-09-2021 മുതൽ 10-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 5 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റേതു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 10-10-2022 | 15-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-10-2022 | 15-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. വി.ജി. സജിമോൻ, ഓഡിറ്റ് ഓഫീസർ

ശ്രീ. മെജോ കെ. ജോർജ്ജ്, അസി. ഓഡിറ്റ് ഓഫീസർ

ശ്രീ. സാമുവൽരാജ് ആർ, അസി.ഓഡിറ്റ് ഓഫീസർ

ശ്രീ. ജോമോൻ ഫ്രാൻസിസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. സെബിൻ സെബാസ്റ്റ്യൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ജെയിംസ് .കെ. ജോസഫ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. സജുകുമാർ .വി. എസ് | സെക്രട്ടറി | 01-04-2021 | 14-06-2021 |
| ശ്രീമതി കെസ്സി എം.ടി | സെക്രട്ടറിയുടെ അധികച്ചുമതല | 15-06-2021 | 06-07-2021 |
| ശ്രീ. ഷാഹുൽ അഹമ്മദ് | സെക്രട്ടറി | 07-07-2021 | 31-03-2022 |

| | | | |
|---|---|---|---|
| ഡോ. പ്രഭാവതി പി.എസ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ.ജയസൂര്യൻ.എം | വി ഇ ഒ | 01-04-2021 | 31-08-2021 |
| ശ്രീ. വിപിൻകുമാർ | വി ഇ ഒ | 01-09-2021 | 31-03-2022 |
| ഡോ. ധന്യ | ഹോമിയോ മെഡിക്കൽ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. കെ.എം. സെബാസ്റ്റ്യൻ | CHC മെഡിക്കൽ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി സ്നേഹ സേവ്യർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 30-11-2021 |
| ശ്രീമതി മേരിക്കുട്ടി മാണി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-12-2021 | 31-03-2022 |
| ശ്രീ.ബാലൻ ടി | ഹെഡ്മാസ്റ്റർ ഗവ.എൽ.പി.സ്കൂൾ | 01-04-2021 | 31-03-2022 |
| ശ്രീമതി കെസ്സി എം.ടി | അസി. സെക്രട്ടറി | 01-04-2021 | 26-10-2021 |
| ശ്രീ. ജോഷി മാത്യു | അസി. സെക്രട്ടറി | 27-10-2021 | 31-03-2022 |
| ശ്രീ. ജോസഫ് തോമസ് | അസി.എൻജിനിയർ | 01-04-2021 | 31-05-2021 |
| ശ്രീ. റെഡോൾഫ് പി.എച്ച് | അസി.എൻജിനിയർ | 01-06-2021 | 31-03-2022 |
| ശ്രീമതി അശ്വതി ടി. വാസു | കൃഷി ഓഫീസർ | 01-04-2021 | 22-09-2021 |
| ശ്രീമതി സുചിത പി. എസ് | കൃഷി ഓഫീസർ | 23-09-2021 | 20-02-2022 |
| ശ്രീമതി ധന്യ ജോൺസൺ | കൃഷി ഓഫീസർ | 21-02-2022 | 31-03-2022 |
| ശ്രീമതി മിനിമോൾ കെ. എൻ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് അവലോകനം | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | പട്ടികജാതി വികസനഫണ്ട് ചെലവ് 73.36 ശതമാനം മാത്രം | 1-3-1 |
| 5 | ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ സമയബന്ധിതമായി ചെലവഴിക്കുന്നില്ല | 1-3-2 |
| 6 | റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 42 ശതമാനം മാത്രം - 44.45 ലക്ഷം ലാപ്സായി | 1-3-3 |
| 7 | എസ്.ടി. കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ നടപ്പാക്കിയില്ല | 1-3-4 |
| 8 | പൊതുവിഭാഗം വികസനഫണ്ടിന്റെ അപര്യാപ്തത അധികാര വികേന്ദ്രീകരണത്തെ പ്രതികൂലമായി ബാധിക്കുന്നു | 1-3-5 |
| 9 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ | 1-3-6 |
| 10 | പദ്ധതി അവലോകനം | 1-4 |
| 11 | പതിമൂന്നാം പദ്ധതി അവലോകനം | 1-4-1 |
| 12 | വനിത ഘടക പദ്ധതി - മാനദണ്ഡ വിരുദ്ധമായി പ്രോജക്ടുകൾ ആവിഷ്കരിച്ചു | 1-4-2 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 14 | ക്ഷേമ പദ്ധതികൾ | 1-6 |
| 15 | ക്യാഷ് പരിശോധന | 1-7 |
| 16 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 17 | പ്രതിമാസ റിക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല | 1-9 |
| 18 | വസ്തുനികുതി ഡി.സി.ബി-സാംഖ്യയിലെയും സഞ്ചയയിലെയും കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-9-1 |
| 19 | ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ പരിപാലിക്കുന്നില്ല | 1-10 |
| 20 | നികുതി നികുതിയിതര വരുമാനങ്ങളുടെ ഡിമാന്റ് വാർഷിക കണക്കുകളിൽ യഥാസമയം രേഖപ്പെടുത്തുന്നില്ല | 1-11 |
| 21 | വരവിനങ്ങളിൽ വൻ കുടിശ്ശിക നിലനില്ക്കുന്നു | 1-12 |
| 22 | മൊബൈൽ ടവറുകൾക്ക് വസ്തു നികുതിയിൽ അനർഹമായി ഇളവ് അനുവദിച്ചു | 1-13 |
| 23 | മൊബൈൽ ടവർ - വസ്തു നികുതിയിൽ വൻ കുടിശ്ശിക | 1-14 |
| 24 | നിയമ പിൻബലമില്ലാത്ത കാരണങ്ങൾ മുൻനിർത്തി വസ്തു നികുതി ഒഴിവാക്കി നൽകി | 1-15 |
| 25 | ഉപയോഗ ക്രമത്തിനനനുസൃതമായി വസ്തു നികുതി ചുമത്തുന്നില്ല | 1-16 |
| 26 | തോട്ടം മേഖലയിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിട നിർമാണ പെർമിറ്റ് അനുവദിച്ചു | 1-17 |
| 27 | റേഷൻ കടകൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല | 1-18 |
| 28 | ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികളായില്ല | 1-19 |
| 29 | ടെണ്ടർ കിഴിവ് വരുത്താത്തത് മൂലം കരാറുകാരന് അധികം തുക നൽകി | 1-20 |
| 30 | കിളച്ചെടുത്ത മണ്ണ് നികത്താൻ ഉപയോഗിച്ചില്ല | 1-21 |
| 31 | പ്രൈമിംഗ് കോട്ടിന് അധിക തുക നൽകി | 1-22 |
| 32 | മരുന്നു വാങ്ങൽ പ്രോജക്ട് - വിതരണ ഏജൻസി ഔഷധങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-23 |
| 33 | മരണപ്പെട്ട വ്യക്തികളുടെ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ യഥാസമയം റദ്ദ് ചെയ്യുന്നില്ല | 1-24 |
| 34 | ഇ-ടെണ്ടർ ഫീസ് പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിട്ടില്ല | 1-25 |

| | | |
|---|---|---|
| 35 | ലൈഫ് ഭവനപദ്ധതി-അനർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി | 1-26 |
| 36 | ലൈഫ് ഭവനപദ്ധതി-രേഖകൾ അപൂർണ്ണം | 1-27 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ടെണ്ടർ കിഴിവ് വരുത്താത്തത് മൂലം കരാറുകാരന് അധികം തുക നൽകി | 3-1 |
| 2 | കിളച്ചെടുത്ത മണ്ണ് നികത്താൻ ഉപയോഗിച്ചില്ല | 3-2 |
| 3 | പ്രൈമിംഗ് കോട്ടിന് അധിക തുക നൽകി | 3-3 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ് അവലോകനം

18.02.2021-ലെ പഞ്ചായത്ത് ബജറ്റ് കമ്മിറ്റിയിൽ അവതരിപ്പിച്ച ₹70,00,000/- മുന്നിരിപ്പും ₹29,11,83,500/- വരവും ₹28,94,30,500/- ചെലവും ₹87,53,000/- നീക്കിയിരിപ്പും വരുന്ന 2021-22 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 19.02.2021ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1-1 തീരുമാന പ്രകാരം അംഗീകാരം നേടി. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 17.02.2021-ൽ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടി ക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ന് മുമ്പായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ് [വകുപ്പ് 214 (1)]. എന്നാൽ, സ്റ്റാന്റിംഗ് കമ്മിറ്റികളും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും സമർപ്പിച്ച ബജറ്റ് പ്രപ്പോസലുകൾ, അതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റിന് ആധാരമാക്കിയ രേഖകളും വിവരങ്ങളും അടങ്ങിയ ബജറ്റ് ഫയൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നോയെന്നും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചവരുടെ നിർദ്ദേശങ്ങൾ പരിഗണിച്ചാണോ ബജറ്റ് തയ്യാറാക്കിയതെന്നും ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല.

ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ബജറ്റിൽ, എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട് വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 09.02.2022-ലെ നം. 2 ശുപാർശയുടെ അടിസ്ഥാനത്തിൽ 11.02.2022-ലെ പഞ്ചായത്ത് ബജറ്റ് കമ്മിറ്റിയിൽ അവതരിപ്പിച്ച ₹3,47,000/- മുന്നിരിപ്പും ₹29,06,63,500/- വരവും ₹28,38,34,500/- ചെലവും ₹71,76,000/- മിച്ചവും വരുന്ന 2020-21 സാമ്പത്തിക വർഷത്തേക്കുള്ള പരിഷ്കരിച്ച ബജറ്റ് കമ്മിറ്റിയുടെ 1-1 തീരുമാന പ്രകാരം അംഗീകാരം നേടി. എന്നാൽ, ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും തന്നാണ്ട് വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സ്വീകരിച്ചല്ല ബജറ്റ് പരിഷ്കരിച്ചിട്ടുള്ളത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസത്തെയും വരവ്-ചെലവുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, ബജറ്റിനെ അടിസ്ഥാനപ്പെടുത്തിയല്ല കണക്കുകൾ അംഗീകരിച്ചിട്ടുള്ളത്. എല്ലാ മാസവും ബജറ്റ് അവലോകനം നടത്തുന്നില്ല. അതിനാൽ, 2020-21-ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻ വർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം

ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 20.04.2022 | - | - |

1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (₹) | അലോട്ട്മെന്റ്/ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 0 | 23358521 | 23358521 | 23149000 | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 10696400 | 10696400 | 7846799 | 0 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 5131516 | 5131516 | 4783968 | 0 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 3347429 | 4310000 | 7657429 | 2683400 | 4974029 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 10452907 | 6466000 | 16918907 | 347949 | 16570958 |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 0 | 32092482 | 32092482 | 26951356 | 0 |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | 0 | 11695287 | 11695287 | 4911276 | 0 |
| ടോട്ടൽ സാനിറ്റേഷൻ | 3480633 | 265946 | 3746579 | 1546493 | 2200086 |
| ഐ.സി.ഡി.എസ് | 1271126 | 1268319 | 2539445 | 1227725 | 1311720 |
| ദാരിദ്ര്യ ലഘൂകരണ ഫണ്ട് | 675000 | 0 | 675000 | 225000 | 450000 |
| ആധുനിക അറവുശാല | 6000000 | 0 | 6000000 | 0 | 6000000 |
| എസ്.ടി. കോർപ്പസ് ഫണ്ട്-വാക്കത്തിക്കുടി കമ്മ്യൂണിറ്റിഹാൾ | 1287698 | 0 | 1287698 | 0 | 1287698 |
| എസ്.ടി. കോർപ്പസ് ഫണ്ട്-മേമാരിക്കുടി കമ്മ്യൂണിറ്റി ഹാൾ | 2137839 | 0 | 2137839 | 0 | 2137839 |
| എസ്.ഡി.ആർ.എഫ് | 0 | 600000 | 600000 | 600000 | 0 |

വിവിധ ഫണ്ടുകൾക്ക് ലഭിച്ച ബജറ്റ് വിഹിതം, അധിക അലോട്ട്മെന്റ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം ₹ | അധിക അലോട്ട്മെന്റ് ₹ | | ആകെ ലഭിച്ച ഫണ്ട് ₹ |
|---|---|---|---|---|
| | | 2020-21 ക്യാരി ഓവർ (പകുതി) | വോട്ടിംഗ് മെഷീൻ തുക തിരികെ | |
| വികസനഫണ്ട് (ജനറൽ) | 23149000 | 209521 | 0 | 23358521 |
| വികസനഫണ്ട് (SCP) | 9914000 | 782400 | 0 | 10696400 |
| വികസനഫണ്ട് (TSP) | 4786000 | 345516 | 0 | 5131516 |
| മെയിന്റനൻസ് ഗ്രാന്റ് – റോഡ് | 32041000 | 51482 | 0 | 32092482 |
| മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം | 10831000 | 784900 | 79387 | 11695287 |

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കിലും (റെസിപ്റ്റ് & പേയ്മെന്റ്) ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും വരവ്-ചെലവ് വിശദാംശങ്ങൾ ചേർത്തിട്ടില്ല.

| ഫണ്ട് | വിഹിതം ₹ | ലൈഫ് ലോൺ ₹ | അംഗൻവാടി ഹോണറേറിയം ₹ | അക്കൗണ്ട് ചെയ്ത ഫണ്ട് ₹ |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 23358521 | 12076106 | 1927200 | 9355215 |
| വികസനഫണ്ട് (SCP) | 10696400 | 1433333 | 0 | 9263067 |
| വികസനഫണ്ട് (TSP) | 5131516 | 834561 | 0 | 4296955 |

1-3-1 പട്ടികജാതി വികസനഫണ്ട് ചെലവ് 73.36 ശതമാനം മാത്രം

2020-21ലെ ക്യാരി ഓവർ തുക ₹7,82,400/- ഉൾപ്പടെ പട്ടികജാതി വികസന ഫണ്ട് വിഹിതമായ ₹1,06,96,400/-ൽ 2021-22 സാമ്പത്തിക വർഷം ₹78,46,799/- ചെലവഴിച്ചിട്ടുണ്ട്. ചെലവഴിച്ച തുകയിൽ ₹14,33,333/- ലൈഫ് ഭവന പദ്ധതിയ്ക്കായി ഹഡ്കോയിൽ നിന്നുമെടുത്ത വായ്പയുടെ തിരിച്ചടവിനായി സ്രോതസ്സിൽ നിന്നും കുറവ് ചെയ്യതാണ്. 15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2020-21 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ടിൽ ചെലവഴിക്കാത്ത തുകയുടെ പരമാവധി 20 ശതമാനം വരെ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. കൂടാതെ, എസ്.സി.പി/ടി.എസ്.പി ഫണ്ടുകളിൽ ചെലവഴിക്കാത്ത തുകയിൽ ക്യാരി ഓവർ ചെയ്യുന്ന 20 ശതമാനം കിഴിച്ചുള്ള തുക (ഷോർട്ട് ഫാൾ) അടുത്ത വർഷത്തെ വികസന ഫണ്ടിൽ നിന്നും നീക്കുപോക്ക് ചെയ്യുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന ഫണ്ടിന്റെ 73.36 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹7,10,321/- 2022-23 സാമ്പത്തിക വർഷത്തെ പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും നീക്കുപോക്ക് നടത്തുന്നതിനാൽ ഗ്രാമപഞ്ചായത്തിന് അനുവദിക്കുന്ന വികസന ഫണ്ടിൽ 2022-23 വർഷം മുതൽ കുറവ് വരുന്നതിന് ഇടയാക്കും.

| അലോട്ട്മെന്റ് ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | ചെലവ് ശതമാനം | 2022-23ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക ₹ | 2022-23 വർഷത്തെ പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും ക്രമീകരിക്കുന്ന തുക (ലാപ്സായ തുക) ₹ |
|---|---|---|---|---|---|
| 10696400 | 7846799 | 2849601 | 73.36 | 2139280 | 710321 |

## 1-3-2 ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ സമയബന്ധിതമായി ചെലവഴിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന് 2020-21ലെ നീക്കിയിരിപ്പ് തുക പുനർ അനുവദിച്ചുൾപ്പടെ ₹76,57,429/-യാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഉപാധിരഹിത ഗ്രാന്റായി 2021-22ൽ ലഭിച്ചത്. ഉപാധി ഗ്രാന്റിനത്തിൽ ₹1,69,18,907/-യും ലഭിച്ചു. എന്നാൽ, ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ആവിഷ്കരിച്ച പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല. ഉപാധിരഹിത ഗ്രാന്റിന്റെ 35.04 ശതമാനവും ഉപാധി ഗ്രാന്റിന്റെ കേവലം 2.06 ശതമാനം തുകയും മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ മാനദണ്ഡപ്രകാരം ചെലവഴിക്കാത്ത തുക അടുത്ത സാമ്പത്തിക വർഷം പുനർ അനുവദിച്ച് കിട്ടുമെങ്കിലും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലാവധി അവസാനിക്കുമ്പോൾ ചെലവഴിക്കാത്ത തുക തിരികെ ഒടുക്കേണ്ടി വരും. കൂടാതെ, തുക ചെലവഴിക്കുന്നതിന്റെ പുരോഗതി വിലയിരുത്തി ചെലവഴിക്കാത്ത സ്ഥാപനങ്ങളുടെ വിഹിതം ഭാവിയിൽ വെട്ടിക്കുറയ്ക്കുന്നതിനും സാധ്യതയുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ആവിഷ്കരിച്ചിട്ടുള്ള പ്രോജക്ടുകൾ ഫണ്ട് ലാപ്സാകാതെ, മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ട്, സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-3-3 റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 42 ശതമാനം മാത്രം - 44.45 ലക്ഷം ലാപ്സായി

2020-21ലെ ക്യാരി ഓവർ തുക ₹7,84,900/-, വോട്ടിംഗ് മെഷീനായി 2020-21ൽ സ്രോതസിൽ നിന്നും കുറവ് ചെയ്ത ₹79,387/- എന്നിവ ഉൾപ്പെടെ റോഡിതര മെയിന്റനൻസ് ഫണ്ട് വിഹിതമായ ₹1,16,95,287/-ൽ 2021-22 സാമ്പത്തിക വർഷം ₹49,11,276/- മാത്രമാണ് ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ കേവലം 42 ശതമാനം മാത്രമാണ് ചെലവ്. 15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2020-21 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ടിൽ ചെലവഴിക്കാത്ത തുകയുടെ പരമാവധി 20 ശതമാനം വരെ മാത്രമേ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹44,44,953/- ലാപ്സായി.

| അലോട്ട്മെന്റ് ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | ചെലവ് ശതമാനം | 2021-22ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക ₹ | ലാപ്സായ തുക ₹ |
|---|---|---|---|---|---|
| 11695287 | 4911276 | 6784011 | 41.99 | 2339057.4 | 4444953.6 |

1-3-4 എസ്.ടി. കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ നടപ്പാക്കിയില്ല

മേമാരിക്കുടി കമ്മ്യൂണിറ്റി ഹാൾ, വാക്കത്തികുടി കമ്മ്യൂണിറ്റി ഹാൾ എന്നിവയുടെ നിർമ്മാണത്തിനായി ഇടുക്കി ജില്ലാ ഐ.ടി.ഡി.പി. പ്രോജക്ട് ഡയറക്ടറുടെ 09.11.2018-ലെ ഇ-2945/2018(1), ഇ-2945/2018(2) ഉത്തരവുകൾ പ്രകാരം, ഉപ്പുതറ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ, പട്ടികവർഗ്ഗ വകുപ്പ് എസ്.ടി. കോർപ്പസ് ഫണ്ടിൽ (പ്ലാൻ) നിന്നും യഥാക്രമം ₹12,87,698/-യും ₹21,37,839/-യും അനുവദിച്ചിരുന്നു. പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് ഉപ്പുതറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും പ്രോജക്ട് ഓഫീസർ, ഐ.ടി.ഡി.പി തൊടുപുഴയും 10.01.2019-ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കരാർ പ്രകാരം 2019 ഏപ്രിൽ മാസം 30-നകം പ്രവർത്തി പൂർത്തീകരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രോജക്ടുകൾക്കായി അനുവദിച്ച തുകകൾ 27.09.2019-ൽ 120201201200002 അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ, പ്രവൃത്തികൾ നാളിതുവരെയും ആരംഭിച്ചിട്ടില്ല. 2020-21 ഓഡിറ്റ് റിപ്പോർട്ടിലും (ഖണ്ഡിക 1-3-3) വിഷയം പരാമർശിച്ചിരുന്നെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. സമയബന്ധിതമായി പ്രോജക്ട് നടപ്പാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-3-5 പൊതുവിഭാഗം വികസനഫണ്ടിന്റെ അപര്യാപ്തത അധികാര വികേന്ദ്രീകരണത്തെ പ്രതികൂലമായി ബാധിക്കുന്നു

പൊതുവിഭാഗം വികസന ഫണ്ടിന്റെ കുറവ് പഞ്ചായത്തിന്റെ വികസനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. 2021-22 വർഷത്തേയ്ക്കുള്ള സംസ്ഥാന ബജറ്റ് പ്രകാരം ഉപ്പുതറ ഗ്രാമപഞ്ചായത്തിന് ₹2,31,49,000/-യാണ് പൊതുവിഭാഗം വികസന ഫണ്ട് അനുവദിച്ചത്. കൂടാതെ, ക്യാരി ഓവർ വിഹിതമായി ₹2,09,521/-യും അനുവദിച്ചു. ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം അംഗൻവാടി ഹോണറേറിയം നൽകുന്നതിന് ₹19,27,200/-യും ലൈഫ് ഭവന പദ്ധതിയ്ക്കായി ഹഡ്കോയിൽ നിന്നും എടുത്ത ലോൺ തിരിച്ചടവായി ₹1,20,76,106/-യും സ്രോതസ്സിൽ നിന്നും കിഴിവ് വരുത്തിയതിന് ശേഷം ₹93,55,215/-യാണ് പഞ്ചായത്തിന് അനുവദിച്ചിട്ടുള്ളത്.

| ഗഡു | ബജറ്റ് വിഹിതം ₹ | സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക ₹ | | | അക്കൗണ്ട് ചെയ്ത ഫണ്ട് ₹ |
|---|---|---|---|---|---|
| | | ലൈഫ് ലോൺ ₹ | അംഗൻവാടി ഹോണറേറിയം ₹ | ആകെ ₹ | |
| 1 | 7668300 | 1408000 | 642400 | 2050400 | 5617900 |
| 2 | 7668300 | 5111333 | 642400 | 5753733 | 1914567 |
| 3 | 7812400 | 5556773 | 642400 | 6199173 | 1613227 |
| ക്യാരി ഓവർ | 209521 | 0 | 0 | 0 | 209521 |
| ആകെ | 23358521 | 12076106 | 1927200 | 14003306 | 9355215 |

പൊതു വിഭാഗം വികസന ഫണ്ടിൽ 60 ശതമാനം തുക മാത്രമാണ് ഗ്രാമപഞ്ചായത്തിന്റെ പ്രോജക്ടുകൾക്കായി വിനിയോഗിക്കുന്നതിന് സാധിക്കുന്നത്. പൊതുവിഭാഗം വികസന ഫണ്ടിന്റെ പകുതിയോളം തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ സർവ്വോന്മുഖമായ വികസനത്തിന് തടസ്സം നേരിടുന്നുണ്ട്. വികസന ഫണ്ടിൽ നിന്നും നിർബന്ധിതമായി വിഹിതം നീക്കിവെയ്ക്കേണ്ട ഇനങ്ങളായ അംഗൻവാടി പോഷകാഹാരം, എസ്.എസ്.എ വിഹിതം,

ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും, പാലിയേറ്റീവ് കെയർ, പി.എം.എ.വൈ അധിക വിഹിതം, ആശ്രയ പ്രോജക്ട് വിഹിതം, ഐ.കെ.എം വിഹിതം എന്നിവയ്ക്ക് ശേഷം തുച്ഛമായ തുക മാത്രമാണ് വികസന പ്രവർത്തനങ്ങൾക്ക് ലഭ്യമാവുന്നത്. ഫണ്ടിന്റെ അപര്യാപ്തത ഉൽപാദന/പശ്ചാത്തല മേഖലകളിലെ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് തടസ്സം നിൽക്കുന്നുണ്ട്. ലൈഫ് മിഷൻ രണ്ട്, മൂന്ന് ഘട്ടങ്ങളിലായി ആയിരത്തിൽ കൂടുതൽ ഗുണഭോക്താക്കൾ ഉള്ളതിനാൽ അധികം തുക ലോൺ എടുക്കേണ്ട അവസ്ഥയാണ് ഗ്രാമപഞ്ചായത്തിനുണ്ടായത്.

കാർഷിക, ക്ഷീര മേഖലകളെ ആശ്രയിച്ച് ജീവിക്കുന്ന ഗ്രാമപഞ്ചായത്തിലെ എല്ലാ വിഭാഗം ജനങ്ങളിലേയ്ക്കും അധികാര വികേന്ദ്രീകരണത്തിന്റെ ഫലങ്ങൾ കൃത്യമായും സ്ഥായിയായും ലഭിക്കുന്നതിനും പശ്ചാത്തല മേഖലയുടെ വികസനത്തിൽ ഏറെ ദൂരം പിന്നിടുവാനുള്ള പഞ്ചായത്തിന്റെ ശ്രമങ്ങൾക്കും ഭംഗം നേരിടുന്നതിന് ഫണ്ടിന്റെ കുറവ് കാരണമാകും. തുടർ വർഷങ്ങളിലും വികസനഫണ്ടിൽ നിന്ന്, ലൈഫ് ലോൺ തിരിച്ചടവിനും അംഗൻവാടി ഹോണറേറിയം നൽകുന്നതിനും സ്രോതസ്സിൽ നിന്നും കുറവ് ചെയ്യുന്നതിന് സാധ്യതയുണ്ട്. കൂടാതെ, സ്പിൽ ഓവർ പ്രോജക്ടുകൾക്ക് മുൻവർഷത്തെ ബജറ്റ് വിഹിതത്തിന്റെ പരമാവധി 20 ശതമാനം മാത്രമേ ലഭിക്കൂ. അതിനാൽ, പൊതുവിഭാഗം വികസന ഫണ്ടിൽ അധിക വിഹിതം ലഭ്യമാക്കുന്നതിനുള്ള ശ്രമം പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

### 1-3-6 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ

വികസന ഫണ്ട് (പൊതുവിഭാഗം, എസ്.സി.പി, ടി.എസ്.പി.) എന്നിവയുടെ ഗഡുക്കൾ അനുവദിച്ച വേളയിൽ ലൈഫ് ലോൺ തിരിച്ചടവ് വിഹിതം സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിരുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവിൽ മേൽ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, ചെലവിൽ തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ, ഫണ്ടുകളുടെ വരവ്, നീക്കിയിരിപ്പ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ സ്രോതസ് ഇനം തിരിച്ച് ലഭ്യമല്ല.

### 1-4 പദ്ധതി അവലോകനം

2021-22 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 260 | 347774286 | 181 | 99522652 | 0 | 79 | 85.4 |

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയ്ക്ക് 2020 ഫെബ്രുവരി മാസം അംഗീകാരം ലഭിച്ചിരുന്നു. 8.26 കോടി രൂപ അടങ്കലിൽ 131 പ്രോജക്ടുകളാണ് 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. പിന്നീട് 20.12 കോടി രൂപ അടങ്കലിൽ 83 സ്പിൽ ഓവർ പദ്ധതികൾ കൂടി ഉൾപ്പെടുത്തി 2021 ഓഗസ്റ്റിൽ പദ്ധതി പരിഷ്കരിച്ചു. കൂടാതെ, ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെയും സംരക്ഷണ ഗ്രാന്റിന്റെയും അധിക വിഹിതം ഉൾപ്പെടുത്തി പുതിയ പ്രോജക്ടുകളും ഏറ്റെടുത്തിട്ടുണ്ട്. വാർഷിക പദ്ധതി രൂപീകരണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 12.02.2021 |
| ഗ്രാമസഭ, ഊരുകൂട്ട യോഗങ്ങൾ | 06.02.2021-07.02.2021 |
| വികസന സെമിനാർ | 12.02.2021 |

| | |
|---|---|
| സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അംഗീകാരം | 12.02.2021 |
| ഭരണ സമിതിയുടെ അംഗീകാരം | 16.02.2021 (1-1) |
| സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടുത്തി ഭരണ സമിതിയുടെ അംഗീകാരം | 18.08.2021 (1-1) |

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദ്ദേശിക്കുന്നതിന് പകരം മുൻവർഷങ്ങളിൽ ചെയ്തതുപോലെയുള്ള പ്രോജക്ട് നിർദ്ദേശങ്ങൾ ആവർത്തിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

സ്റ്റാന്റിംഗ് കമ്മിറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദ്ദേശങ്ങൾ അതേപടി അംഗീകരിച്ചിട്ടുള്ളത്, ഗ്രാമപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ ക്രിയാത്മകമായി ചർച്ച ചെയ്ത് ഏറ്റവും ആവശ്യമുള്ളതും പ്രായോഗികവും അനുയോജ്യമായതുമായ പ്രോജക്ടുകൾ തിരഞ്ഞെടുക്കുന്നതിലും വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം നടത്തുന്നതിലുണ്ടാവുന്ന ജാഗ്രതക്കുറവ് പഞ്ചായത്തിന്റെ ആകെ വികസനത്തിനും പദ്ധതി സമയബന്ധിതവും കാര്യക്ഷമവുമായി നടത്തുന്നതിനും തടസ്സമാവുന്നുണ്ട്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകൾ ഉപേക്ഷിക്കുന്നതും ഭേദഗതി ചെയ്യുന്നതും പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പരിഗണനയ്ക്ക് വരാതെയാണ്.

34.78 കോടി രൂപയുടെ 2021-22 വാർഷിക പദ്ധതിയിൽ 9.95 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആവിഷ്കരിച്ച 260 പ്രോജക്ടുകളിൽ 69.62 ശതമാനമാണ് പൂർത്തീകരിച്ച് സമയബന്ധിതമായി ബില്ലുകൾ മാറുന്നതിന് സാധിച്ചിട്ടുള്ളത്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 2 | 40 | 5153125 | 1221476 | 23.7 |
| വെറ്ററിനറി സർജൻ | 9 | 9 | 100 | 4842076 | 2719803 | 56.17 |
| മെഡിക്കൽ ഓഫീസർ-സി.എച്ച്.സി | 4 | 4 | 100 | 2050000 | 1877408 | 91.58 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 4 | 4 | 100 | 1200000 | 1193657 | 99.47 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 15 | 11 | 73.33 | 128964026 | 7523485 | 5.83 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 7 | 77.78 | 10285560 | 7870553 | 76.52 |
| സെക്രട്ടറി | 35 | 26 | 74.29 | 35003631 | 23336656 | 66.67 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 159 | 104 | 65.41 | 62892166 | 36694797 | 58.35 |

| | | | | | | |
|---|---|---|---|---|---|---|
| ഡയറി ഫാം ഇൻടക്ടർ | 1 | 1 | 100 | 900000 | 600000 | 66.67 |
| അസിസ്റ്റന്റ് സെക്രട്ടറി | 15 | 10 | 66.67 | 93185202 | 14191250 | 15.23 |
| ഹെഡ്മാസ്റ്റർ | 4 | 3 | 75 | 3298500 | 2293567 | 69.53 |
| ആകെ | 260 | 181 | 69.62 | 347774286 | 99522652 | 28.62 |

പൊതു വിഭാഗത്തിൽ അംഗീകാരം ലഭിച്ച 216 പ്രോജക്ടുകളിൽ 146 എണ്ണവും പട്ടികജാതി വിഭാഗത്തിൽ 25ൽ 17 പ്രോജക്ടുകളും മാത്രമാണ് നടപ്പാക്കിയത്. പൊതുവിഭാഗത്തിൽ ചെലവ് കേവലം 30.60 ശതമാനം മാത്രം. പട്ടികവർഗ്ഗ വിഭാഗത്തിൽ ആവിഷ്കരിച്ച 19ൽ 18 പ്രോജക്ടുകളും നടപ്പാക്കി. പട്ടികജാതി വിഭാഗത്തിൽ ചെലവ് 35.17 ശതമാനവും പട്ടികവർഗ്ഗ വിഭാഗത്തിൽ ചെലവ് 20.13 ശതമാനവും മാത്രമാണ്.

വിവിധ മേഖലകളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ, നടപ്പാക്കിയ പ്രോജക്ടുകൾ, നീക്കിവെച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മേഖല | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| ഉല്പാദനം | 16 | 11 | 68.75 | 11425401 | 4426567 | 38.74 |
| സേവനം | 112 | 72 | 64.29 | 284773049 | 59370904 | 20.85 |
| പശ്ചാത്തലം | 132 | 98 | 74.24 | 51575836 | 35725181 | 69.27 |
| ആകെ | 260 | 181 | 69.62 | 347774286 | 99522652 | 28.62 |

ഗ്രാമസഭയുടെ അംഗീകാരം തേടാതെയാണ് പുതിയ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ളത്. 2021 ഫെബ്രുവരിയിൽ തന്നെ 2021-22 വാർഷിക പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചെങ്കിലും പദ്ധതി നിർവ്വഹണത്തിലെ വിവിധ ഘട്ടങ്ങളിൽ വരുന്ന കാലതാമസം കാരണമാണ് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിന് സാധിക്കാതെ വരുന്നത്. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റികൾ പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തി പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. കാർഷിക മേഖലയിലെ പദ്ധതി നിർവ്വഹണം ആരംഭിച്ചിട്ടില്ലാത്തത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യുകയും ആവശ്യമായ തുടർ നടപടികൾക്ക് ശുപാർശ ചെയ്യുകയും ചെയ്തെങ്കിലും സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കുന്നതിന് സാധിച്ചില്ല. വളം, കീടനാശിനി തുടങ്ങിയവ ജൂലൈ മുതൽ ഒക്ടോബർ വരെയുള്ള മാസങ്ങളിൽ വിതരണം ചെയ്യുന്നതിന് പകരം വേനൽക്കാലത്ത് വിതരണം ചെയ്യുന്നത് മൂലം കാർഷിക വികസനത്തിന് ഇത് ഉപകരിക്കില്ല.

### 1-4-1 പതിമൂന്നാം പദ്ധതി അവലോകനം

153.86 കോടി അടങ്കലിൽ 1382 പ്രോജക്ടുകളാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ചത്. 840 പ്രോജക്ടുകളിലായി 64.84 കോടി രൂപ ചെലവഴിക്കുന്നതിനാണ് പദ്ധതി കാലയളവിൽ ഗ്രാമപഞ്ചായത്തിന് സാധിച്ചത്. ആവിഷ്കരിച്ച പ്രോജക്ടുകളുടെ 60.78 ശതമാനവും നടപ്പാക്കുന്നതിന് സാധിച്ചെങ്കിലും പദ്ധതി ചെലവ് കേവലം 42.14 ശതമാനം മാത്രമാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പ്രോജക്ടുകളുടെയും നടപ്പാക്കിയ

പ്രോജക്ടുകളുടെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ചെലവ് ശതമാനം | പദ്ധതി അടങ്കൽ ₹ | പദ്ധതി ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 2017-18 | 284 | 179 | 63.03 | 139465883 | 86718308 | 62.18 |
| 2018-19 | 272 | 152 | 55.88 | 367197950 | 120176955 | 32.73 |
| 2019-20 | 251 | 114 | 45.42 | 391727818 | 176856165 | 45.15 |
| 2020-21 | 315 | 214 | 67.94 | 292519652 | 165162357 | 56.46 |
| 2021-22 | 260 | 181 | 69.62 | 347774286 | 99522652 | 28.62 |
| ആകെ | 1382 | 840 | 60.78 | 1538685589 | 648436437 | 42.14 |

ഗ്രാമപഞ്ചായത്തിന് പതിമൂന്നാം പദ്ധതിയിൽ ലഭ്യമായ വികസന ഫണ്ട്, സംരക്ഷണ ഫണ്ട് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഫണ്ട് | അലോട്ട്മെന്റ് ₹ | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 139342475 | 127820748 | 91.73 |
| വികസന ഫണ്ട്-എസ്.സി.എസ്.പി | 44056559 | 31610253 | 71.75 |
| വികസന ഫണ്ട്-ടി.എസ്.പി | 25971767 | 21915276 | 84.38 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 69861084 | 48978519 | 70.11 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 88444929 | 2683400 | 3.03 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 28788907 | 2900130 | 10.07 |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 149580282 | 121107136 | 80.96 |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | 38924287 | 19223912 | 49.39 |
| ലോകബാങ്ക് | 774075 | 774075 | 100 |

വികസന ഫണ്ട്-എസ്.സി.പി, സംരക്ഷണ ഗ്രാന്റ്-റോഡിതരം, ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ എന്നിവ ചെലവഴിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ഫണ്ടുകൾ സമയബന്ധിതമായി ചെലവഴിക്കാത്തത് ഭാവിയിൽ അനുവദിക്കുന്ന വികസന ഫണ്ടിൽ കുറവ് ഉണ്ടാകുന്നതിന് കാരണമാവും.

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദ്ദേശിക്കുന്നതിനു പകരം ഓരോ വർഷവും പ്രോജക്ട് നിർദ്ദേശങ്ങൾ ആവർത്തിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

സ്റ്റാന്റിംഗ് കമ്മിറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദ്ദേശങ്ങൾ അതേപടി അംഗീകരിച്ചിട്ടുള്ളത്, ഗ്രാമപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ ക്രിയാത്മകമായി ചർച്ച ചെയ്ത് ഏറ്റവും ആവശ്യമുള്ളതും പ്രായോഗികവും അനുയോജ്യമായതുമായ പ്രോജക്ടുകൾ തിരഞ്ഞെടുക്കുന്നതിലും വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം നടത്തുന്നതിലുണ്ടാവുന്ന ജാഗ്രതക്കുറവ് പഞ്ചായത്തിന്റെ ആകെ വികസനത്തിനും പദ്ധതി സമയബന്ധിതവും കാര്യക്ഷമവുമായി നടത്തുന്നതിനും തടസ്സമാവുന്നുണ്ട്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകൾ ഉപേക്ഷിക്കുന്നതും ഭേദഗതി ചെയ്യുന്നതും പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പരിഗണനയ്ക്ക് വരാതെയാണ്.

വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്താതെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം പ്രോജക്ടുകൾ ഭേദഗതി ചെയ്യുകയും പുതുതായി ഉൾപ്പെടുത്തുകയും ഉപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമസഭയുടെ അംഗീകാരം തേടാതെയാണ് പുതിയ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ളത്. വാർഷിക പദ്ധതികൾക്ക് സാമ്പത്തിക വർഷത്തിനും മുമ്പേ തന്നെ അംഗീകാരം ലഭിക്കുന്നുണ്ടെങ്കിലും പദ്ധതി നിർവ്വഹണത്തിലെ വിവിധ ഘട്ടങ്ങളിൽ വരുന്ന കാലതാമസം കാരണം സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിന് സാധിക്കാതെ വരുന്നു. പ്രത്യേക ഉദ്ദേശ്യ പദ്ധതികൾക്കായി സർക്കാരിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നും വകുപ്പുകളിൽ നിന്നും ലഭ്യമായ ഫണ്ടുകൾ സമയബന്ധിതമായി ചെലവഴിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്.

## 1-4-2 വനിത ഘടക പദ്ധതി - മാനദണ്ഡ വിരുദ്ധമായി പ്രോജക്ടുകൾ ആവിഷ്കരിച്ചു

2021-22 സാമ്പത്തിക വർഷം വനിത ഘടക പദ്ധതിയിൽ ₹57,60,133/- അടങ്കലിൽ 8 പ്രോജക്ടുകളാണ് ആവിഷ്കരിച്ചിട്ടുള്ളത്. വനിതകളുടെ സാമൂഹ്യ-സാമ്പത്തിക സ്ഥിതി ഉയർത്തുന്നതിനുള്ള പ്രോജക്ടുകളാണ് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. കക്കൂസ് നിർമ്മാണം, കുടിവെള്ളം ലഭ്യമാക്കൽ, വീട് വൈദ്യുതീകരണം, അംഗൻവാടിക്ക് കെട്ടിടം നിർമ്മാണം, അംഗൻവാടിക്ക് പോഷകാഹാരം ലഭ്യമാക്കൽ മുതലായവയും മറ്റ് സമാന സ്വഭാവമുള്ളവയും വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. അതുപോലെ വനിതകൾക്കും പുരുഷൻമാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകളും വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. എന്നാൽ, മേൽ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ചുവടെ കൊടുത്തിരിക്കുന്ന പ്രോജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് | അടങ്കൽ ₹ | ഫണ്ടിനം |
|---|---|---|---|
| 1 | അംഗൻവാടി തൊഴിലാളികളുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക (286/2022) | 642000 | വികസന ഫണ്ട് (ജനറൽ) |
| 2 | അംഗൻവാടി തൊഴിലാളികളുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക (287/2022) | 642000 | വികസന ഫണ്ട് (ജനറൽ) |
| 3 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് – എസ്.സി.പി (292/2022) | 293333 | വികസന ഫണ്ട് (എസ്.സി.എസ്.പി) |

മാനദണ്ഡവിരുദ്ധമായി പ്രോജക്ടുകൾ ആവിഷ്കരിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | ₹ | ₹ | ₹ | ₹ | ₹ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 204374 | 810883 | 1015257 | 1009237 | 6020 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 36827162 | 36827162 | 36827162 | 0 |

1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 8400 | 1 |
| വാർദ്ധക്യകാല പെൻഷൻ | 47502500 | 2240 |
| കർഷക തൊഴിലാളി പെൻഷൻ | 1076200 | 128 |
| വിധവാ പെൻഷൻ | 19316600 | 492 |
| 50 വയസിന് മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 489600 | 35 |
| വികലാംഗപെൻഷൻ | 5272900 | 158 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 150000 | 2 |

1-7 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.10.2022-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹3,012/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട പ്രസക്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തേണ്ടതാണ്.
- ഭരണസമിതി-സ്റ്റാന്റിംഗ് കമ്മിറ്റി യോഗ തീരുമാനങ്ങൾ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്.
- തനത് വരുമാന സ്രോതസുകൾ വളരെ പരിമിതമാണെങ്കിലും അവ പരമാവധി ചൂഷണം ചെയ്ത് വരുമാന വർദ്ധനവ് ഉറപ്പാക്കുന്ന നടപടികൾ ഫലപ്രദമായി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. പിരിവ് ശതമാനവും വരവിനങ്ങളിലെ വൻകുടിശ്ശികയും അക്കാര്യം സ്ഥിരീകരിക്കുന്നു.
- 20 ലക്ഷത്തിലധികമാണ് വസ്തു നികുതിയിലെ കുടിശ്ശികയെങ്കിലും അതിന് ബി-15(a) ഷെഡ്യൂളിൽ പ്രൊവിഷൻ നൽകിയിട്ടില്ല.
- നികുതി/ഫീസ് നിർണ്ണയം, ചുമത്തൽ, ഈടാക്കൽ നടപടി ക്രമങ്ങളിൽ ഏറെ അപാകതകൾ സംഭവിച്ചിട്ടുള്ളത് ഈ റിപ്പോർട്ടിൽ അന്യത്ര ചേർത്തിട്ടുള്ളത് കാണുക.
- ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്. ഓരോ ദിവസവും ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി ഏൽപ്പിച്ച് നൽകുന്ന രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ഓരോ ദിവസവും നൽകേണ്ട സേവനങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കുന്നു.

- ഗ്രാമപഞ്ചായത്ത് 01.04.2022-ലാണ് ILGMS സോഫ്റ്റ് വെയറിലൂടെ ഭരണ നിർവഹണം ആരംഭിച്ചത്. എല്ലാ സേവനങ്ങളും ഒരു സോഫ്റ്റ്‌വെയറിൻ കീഴിലേക്ക് മാറുന്നുവെന്ന പ്രഖ്യാപിത ലക്ഷ്യം ഇപ്പോഴും സാധ്യമായിട്ടില്ല. വിവിധ സേവനങ്ങൾ ഏകോപിപ്പിക്കുന്നതിനായി IKM തയ്യാറാക്കിയിട്ടുള്ള 17 സോഫ്റ്റ്‌വെയറുകളിലെ കേവലം 03 എണ്ണം മാത്രമാണ് (സാംഖ്യ, സൂചിക, സിവിൽ രജിസ്ട്രേഷൻ) ഭാഗികമായെങ്കിലും പ്രവർത്തനക്ഷമമായിട്ടുള്ളത്.
- ഗ്രാമസഭാ മിനിട്സ്, വർക്കിംഗ് ഗ്രൂപ്പ് മിനിട്സ്, അക്വിറ്റൻസ് രജിസ്റ്റർ, വിവരാവകാശ രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ തുടങ്ങിയ രേഖകൾ തൃപ്തികരമായി പരിപാലിക്കുന്നുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ, വാറണ്ടി, സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി പരിശോധന റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
- തനത് ഫണ്ട് വിനിയോഗത്തിൽ സാമ്പത്തിക അച്ചടക്കം പാലിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്.
- കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.
- ടെണ്ടർ രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും എല്ലാ കോളത്തിലും ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ലഭിച്ച ടെണ്ടറുകളുടെ വിശദാംശങ്ങൾ, ഇ.എം.ഡി വിവരങ്ങൾ, ടെണ്ടർ ലഭിച്ചതും തുറന്നതുമായ തീയതികൾ, വിജയിയായ ടെണ്ടററുടെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
- പ്രതിമാസ അക്കൗണ്ടുകൾ പൊരുത്തപ്പെടുത്തൽ പത്രികകൾ സഹിതം കാലികമായി തയ്യാറാക്കി സൂക്ഷിക്കുന്നതിൽ വീഴ്ചയുണ്ട്.
- പുതുതായി സൃഷ്ടിക്കുന്ന ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പരിപാലിക്കേണ്ടതാണ്.
- പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്നും ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലും, ബജറ്റ് പ്രൊവിഷന് അനുസൃതവുമായിട്ടാണ് തുകകൾ ചെലവഴിക്കപ്പെടുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തുന്നില്ല.
- സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.
- വാർഷിക പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതിയും കാര്യക്ഷമതയും കൈവരിച്ചിട്ടില്ല. ഇത് സംബന്ധമായ പരാമർശങ്ങൾ ഈ റിപ്പോർട്ടിൽ പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടുള്ളത് കാണുക.
- നൂതനമായ അനേകം പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനും സബ്സിഡികൾ അനുവദിക്കുന്നതിനും പുതുക്കിയ പദ്ധതി മാർഗ്ഗരേഖകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആവർത്തന ശൈലിയിലുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ആസൂത്രണം ചെയ്യുന്നതിനാണ് ഓഡിറ്റ് വർഷവും ശ്രദ്ധ പതിപ്പിച്ചിട്ടുള്ളത്.

- പദ്ധതികളും ഗുണഭോക്താക്കളെയും നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതല്ലാതെ തുടർ മോണിട്ടറിംഗ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ നടത്തുന്നില്ല. പ്രോജക്റ്റുകളുടെ വിലയിരുത്തൽ നടത്തുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല. ഉത്പാദനമേഖലയിലെ വളരെ പരിമിതമായ ചെലവ് ശതമാനം ഈ വസ്തുത ശരി വെയ്ക്കുന്നതാണ്. കുടിവെള്ള പദ്ധതി പൂർത്തീകരണത്തിനായി കേരള ജല അതോറിറ്റിക്ക് ഗണ്യമായ തുക കൈമാറി വർഷങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തീകരിക്കാത്തത് പ്രത്യേക ശ്രദ്ധ ആവശ്യമായ വിഷയമാണ്.
- വാർഷിക പദ്ധതിക്കായി വകയിരുത്തുന്ന തുകകൾ സമയബന്ധിതവും കാര്യക്ഷമവുമായി വിനിയോഗിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. പദ്ധതി നിർവ്വഹണം വർഷാവസാനത്തേക്ക് കേന്ദ്രീകരിച്ചതിനാൽ ഗണ്യമായ തുക ട്രഷറി നിയന്ത്രണം മൂലം പിൻവലിക്കാൻ കഴിയാതെ വന്നത് പദ്ധതി നിർവ്വഹണത്തിലെ വലിയ പാളിച്ചയായി.
- സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ടെങ്കിലും മരണപ്പെട്ടവരുടെ പെൻഷൻ യഥാസമയം റദ്ദാക്കാത്തതിനാൽ അനർഹമായി തുക ക്രമീകരിച്ചിരിക്കാനുള്ള സാധ്യത നില നിൽക്കുന്നു.

## 1-9 പ്രതിമാസ റിക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 57ൽ ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ട്സ് ബാലൻസ് സ്റ്റേറ്റ്മെന്റുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണെന്നും അടുത്ത മാസം 5-ാം തീയതിക്കകം അക്കൗണ്ടന്റ് ബാങ്ക്/ട്രഷറി പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 58-ൽ സാമ്പത്തിക വർഷ കാലയളവ് അവസാനിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടികളും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പഞ്ചായത്ത് പാലിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ 2021 ഏപ്രിൽ മുതലുള്ള പ്രതിമാസ റിക്കൺസിലിയേഷനും 2021-22 സാമ്പത്തിക വർഷാവസാന റിക്കൺസിലിയേഷനും നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അതിനാൽ, സാംഖ്യയിൽ തയ്യാറാക്കിയിട്ടുള്ള റിക്കൺസിലിയേഷന്റെ ആധികാരികത വ്യക്തമല്ല.

## 1-9-1 വസ്തുനികുതി ഡി.സി.ബി-സാംഖ്യയിലെയും സഞ്ചയയിലെയും കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കുകളിലെ വിവിധ വരവുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളും രജിസ്റ്ററുകളിലെ തുകകളും തമ്മിൽ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം വ്യത്യാസമുണ്ട്.

| ഇനം | വാർഷിക കണക്കുകൾ ₹ | | | രജിസ്റ്റർ (സഞ്ചയ) ₹ | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| വസ്തുനികുതി (ഗാർഹികം) തൻവർഷം | 1395935 | 1054287 | 341648 | 1395935 | 1058045 | 338038 |
| വസ്തുനികുതി (ഗാർഹികം) കുടിശ്ശിക | 795493 | 277245 | 518247 | 692067 | 225026 | 471621 |
| വസ്തുനികുതി (ഗാർഹികേതരം) തൻവർഷം | 1795385 | 1323802 | 471583 | 1795385 | 1331671 | 463720 |
| വസ്തുനികുതി (ഗാർഹികേതരം) കുടിശിക | 750850 | 169849 | 581001 | 793595 | 192195 | 602820 |

വാർഷിക കണക്കുകളും രജിസ്റ്ററുകളും തമ്മിൽ വ്യത്യാസം വന്നതിനും വാർഷിക കണക്കിലെയും രജിസ്റ്ററിലെയും ഡിമാന്റ്

കളക്ഷൻ ബാലൻസ് തുകകൾ പൊരുത്തപ്പെടാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-10 ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന രേഖകൾ പരിപാലിക്കുന്നില്ല

ജേണൽ വൗച്ചർ പ്രകാരം വാർഷിക കണക്കുകളിൽ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ, ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും പരിപാലിക്കുന്നില്ല. ക്യാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽ ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും ക്രമീകരിക്കുവാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി. രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ജേണൽ വൗച്ചറുകൾ പ്രകാരം തുകകൾ ക്രമീകരിച്ചതിനെ സാധൂകരിക്കുന്ന അടിസ്ഥാന രേഖകളും രജിസ്റ്ററുകളും ഹാജരാക്കേണ്ടതാണ്.

### 1-11 നികുതി നികുതിയിതര വരുമാനങ്ങളുടെ ഡിമാന്റ് വാർഷിക കണക്കുകളിൽ യഥാസമയം രേഖപ്പെടുത്തുന്നില്ല

സാംഖ്യ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ ചെയ്തിട്ടില്ല എന്ന് കാണുന്നു. വിവിധ നികുതി-നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റുകൾ സാമ്പത്തിക വർഷത്തിന്റെ ആദ്യ പ്രവൃത്തി ദിവസം തന്നെ ജേണൽ എൻട്രി ചെയ്യേണ്ടതാണ്. കൂടാതെ മുൻ വർഷാവസാനം പിരിഞ്ഞുകിട്ടുവാൻ അവശേഷിക്കുന്ന തുകകൾ കറന്റ് ഡിമാന്റിൽ നിന്നും മാറ്റി കുടിശ്ശിക ഡിമാന്റായി ജേണൽ എൻട്രി ചെയ്യേണ്ടതാണ്. എന്നാൽ, ഗ്രാമപഞ്ചായത്തിലെ വിവിധ നികുതി നികുതിയേതര വരുമാനങ്ങളുടെ 31.03.2021-ൽ പിരിഞ്ഞുകിട്ടുവാൻ അവശേഷിക്കുന്ന തുകകൾ കുടിശിക ഡിമാന്റിലേയ്ക്ക് ക്രമീകരിച്ചിട്ടുള്ളത് 2021 മെയ് മാസമാണ്. തൻവർഷ ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത് 2022 ഫെബ്രുവരി (17.02.2022) മാസവും.

സാമ്പത്തിക വർഷം വരവുകൾ അസസ്സ് ചെയ്യുന്ന അവസരത്തിൽ തന്നെ ജേണൽ എൻട്രി ചെയ്യേണ്ടതാണ്. നികുതി നിർണ്ണയിച്ച ജേണൽ എൻട്രി ചെയ്യാത്തതിനാൽ തൻവർഷത്തെ പുതിയ നികുതി, നികുതിയേതര വരുമാനങ്ങളെല്ലാം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കുകയില്ല. സാമ്പത്തിക വർഷാരംഭത്തിലെ ഓപ്പണിംഗ് എൻട്രികൾ നടത്തുന്നതിനും അസസ്സ് ചെയ്യുന്ന അവസരത്തിൽ തന്നെ ഡിമാന്റിൽ ചേർക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 1-12 വരവിനങ്ങളിൽ വൻ കുടിശ്ശിക നിലനില്ക്കുന്നു

2021-22 വാർഷിക ധനകാര്യപത്രിക അനുസരിച്ച് വസ്തു നികുതി അടക്കമുള്ള വരവിനങ്ങളിൽ വൻകുടിശ്ശിക നിലനില്ക്കുന്നു. ധനകാര്യ പത്രികയുടെ ബി-15 ഷെഡ്യൂൾ പ്രകാരം വസ്തുനികുതിയിലെ തന്നാണ്ട് കുടിശ്ശിക ₹8,54,032/-യും മുൻവർഷ കുടിശ്ശിക ₹11,54,211/-യും ഉൾപ്പെടെ ആകെ കുടിശ്ശിക ₹20,08,243/- ആണ്. വസ്തു നികുതിയുടെ പ്രതിവർഷ ഡിമാന്റ് കേവലം ₹31,91,320/- മാത്രമാണ് എന്ന വസ്തുത ഇതോടു ചേർത്ത് കാണേണ്ടതാണ്. വളരെ പരിമിതമായ വരുമാന സ്രോതസ്സുകൾ മാത്രമാണ് ഗ്രാമപഞ്ചായത്തിന് കൈമുതലായുള്ളതെന്ന സാഹചര്യം നിലനിൽക്കെയാണ് നികുതി പിരിവിലെ ഇത്തരം ഉദാസീനതയെന്നതും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 243(1)-ആം വകുപ്പനുസരിച്ച്,

ഡിമാന്റ് ചെയ്ത നികുതി 3 വർഷത്തിനകം പിരിച്ചെടുക്കാത്തപക്ഷം കാലഹരണപ്പെടുന്നതാണ്.

വാർഷിക ധനകാര്യപത്രിക പ്രകാരം വരവിനങ്ങളിൽ വരുന്ന കുടിശ്ശികയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | തുക ₹ |
|---|---|
| Property Tax On Residential Buildings(Current) | 3,58,870 |
| Property Tax On Residential Buildings(Arrears) | 5,44,159 |
| Property Tax On Non-Residential Buildings(Current) | 4,95,162 |
| Property Tax On Non-Residential Buildings(Arrears) | 6,10,052 |
| Rent From Buildings(Current) | 22,520 |
| Rent From Buildings(Arrears) | 2,50,454 |
| Rent From Lease Of Land (Arrears) | 44,000 |
| Market Receipts | 5,000 |
| Total | 23,30,217 |

കുടിശ്ശികയായി സൂചിപ്പിച്ചിട്ടുള്ള ഗണ്യമായ ശതമാനം തുകയും ഇതിനോടകം കാലഹരണപ്പെട്ടതാണ്. തൻമൂലം നിയമപരമായ നടപടികളിലൂടെ പ്രസ്തുത തുകകൾ വസൂലാക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ദീർഘനാളുകളായി നികുതി കുടിശ്ശിക വരുത്തിയ ആളുകൾക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചതായി രേഖ സൂക്ഷിച്ചിട്ടില്ല. കുടിശ്ശികയാവുന്ന തുകകൾ കുടിശ്ശിക ഡിമാന്റിൽ ഉൾപ്പെടുത്തി നടപടികൾ അവസാനിപ്പിക്കുന്ന പ്രവണത ഒട്ടുംതന്നെ ആശാസ്യമല്ല. നികുതി തുകകൾ കാലികമായി പിരിച്ചെടുക്കാൻ നിഷ്കർഷ ഉണ്ടാവേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സജീവ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

1-13 മൊബൈൽ ടവറുകൾക്ക് വസ്തു നികുതിയിൽ അനർഹമായി ഇളവ് അനുവദിച്ചു

2011-ലെ കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമാണ) ചട്ടങ്ങളിലെ ചട്ടം 34 അനുസരിച്ച്, ഏതെങ്കിലും ആവശ്യത്തിനായി ഉപയോഗിക്കുന്ന/സന്ദർശിക്കേണ്ട (താമസം, ജോലി, വിദ്യാലയം, കച്ചവടം, വ്യവസായം മുതലായവ)/മനുഷ്യ സാന്നിധ്യമുണ്ടാകാനിടയുള്ള നിർമ്മാണങ്ങളെയാണ് ഏതെങ്കിലും ഒക്യുപൻസിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മൊബൈൽ ടവർ അടക്കമുള്ള മറ്റ് കെട്ടിടങ്ങളെ Appurtenant Buildings/ Operational Constructions/auxiliary Buildings എന്നാണ് കണക്കാക്കിയിരിക്കുന്നത്. ആകയാൽ അവയ്ക്ക് മറ്റ് കെട്ടിടങ്ങൾക്ക് അനുവദിക്കുന്ന രീതിയിൽ വസ്തു നികുതിയിൽ ഇളവ് അനുവദിക്കാൻ 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിൽ വ്യവസ്ഥകളില്ല. എന്നാൽ ഗ്രാമപഞ്ചായത്തിൽ മൊബൈൽ ടവറുകൾക്ക് മേഖല, മേൽക്കൂര, കാലപ്പഴക്കം എന്നിവയുടെ അടിസ്ഥാനത്തിൽ വസ്തു നികുതിയിൽ ഇളവ് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട.നം | ഉടമ | ഇളവിന്റെ മാനദണ്ഡം (ശതമാനത്തിൽ ) | | | | ടവറിന്റെയും അനുബന്ധ ഭൂമിയുടെയും വിസ്തീർണം |
|---|---|---|---|---|---|---|---|
| | | | മേഖല | മേൽക്കൂര | കാലപ്പഴക്കം | ആകെ | |
| 1 | 13/468 | ഭാരതി ഇൻഫ്രാടെൽ | 20 | 10 | 10 | 40 | 11 ച.മീ |
| 2 | 13/461 | ബി.എസ്.എൻ.എൽ | 20 | 10 | 10 | 40 | 20 ച.മീ |
| 3 | 06/429 | ഇൻഡസ് ടവേഴ്സ് | 20 | 10 | - | 30 | 33 ച.മീ |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | 16/653 | ഇൻഡസ് ടവേഴ്സ് | 10 | - | - | 10 | 27 ച.മീ |
| 5 | 17/488 B | ഇൻഡസ് ടവേഴ്സ് | 10 | - | - | 10 | 18 ച.മീ |

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.01.2011-ലെ ജി.ഒ(പി)14/2011 നമ്പർ ഉത്തരവനുസരിച്ച് മൊബൈൽ ടവറുകൾക്ക് ഗ്രാമപഞ്ചായത്തിൽ ചതുരശ്ര മീറ്ററിന് ₹500/-യാണ് അടിസ്ഥാന വസ്തു നികുതിയായി നിശ്ചയിച്ചിരിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി പരിഷ്കരണ വിജ്ഞാപനത്തിലും പ്രസ്തുത നിരക്കാണ് അംഗീകരിച്ചിട്ടുള്ളത്. അനർഹമായ ഇളവ് നൽകിയത് മൂലം ഗണ്യമായ തുക വരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്. നികുതി പുനർ നിർണയിച്ച് വരുമാന നഷ്ടം പരിഹരിക്കാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-14 മൊബൈൽ ടവർ - വസ്തു നികുതിയിൽ വൻ കുടിശ്ശിക

ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള മൊബൈൽ ടവറുകളുടെ വസ്തു നികുതിയിൽ വൻ തുക കുടിശ്ശിക നിലനിൽക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | വാർഡ്/ കെട്ടിട.നം | ഉടമ | കാലയളവ് | അർദ്ധ വർഷങ്ങൾ X തുക ₹ | ഒട്ടാകെയുള്ള കുടിശ്ശിക ₹ |
|---|---|---|---|---|---|
| 1 | 1/49/A | ലിസ്സി ജോസ് | 2021 -22 രണ്ടാം അർദ്ധ വർഷം | 1 X 7875 | 7875 |
| 2 | 6/407 | വി. ഇ. ജേക്കബ് | 2019 -20 (രണ്ടാം അർദ്ധ വാർഷികം), 2020-21, 2021-22 | 5 X 7875 | 39375 |
| 3 | 7/409 A | ബി. എസ്. എൻ. എൽ. | 2016-17 മുതൽ 2021-22 വരെ | 7875 X 12 | 94500 |
| 4 | 12/363 A | റിലയൻസ് ടെലികോം | 2013-14 മുതൽ 2021-22 വരെ | 7875 X 18 | 141750 |
| 5 | 13/461 | ബി. എസ്. എൻ. എൽ. | 2020-21, 2021-22 | 3150 X 4 | 12600 |
| 6 | 13/468 | ഭാരതി ഇൻഫ്രാടെ എൽ | 2013-14 മുതൽ 2021-22 വരെ | 1733 X 18 | 31194 |
| 7 | 13/469 A | നെസ്സമണി | 2021-2022 (രണ്ടാം അർദ്ധ വാർഷികം) | 7875 X 1 | 7875 |
| 8 | 16/653 | ഇൻഡസ് ടവേഴ്സ് | 2021-2022 (രണ്ടാം അർദ്ധ വാർഷികം) | 7796 X 1 | 7796 |
| 9 | 17/488 B | ഇൻഡസ് ടവേഴ്സ് | 2021-2022 (രണ്ടാം അർദ്ധ വാർഷികം) | 4252 X 1 | 4252 |
| | | | | ആകെ | 347217 |

നികുതി കുടിശ്ശിക കാലികമായി പിരിച്ചെടുക്കാൻ ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്. ഖണ്ഡിക 1-13ൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം നികുതി പുതുക്കുന്നതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സജീവ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 1-15 നിയമ പിൻബലമില്ലാത്ത കാരണങ്ങൾ മുൻനിർത്തി വസ്തു നികുതി ഒഴിവാക്കി നൽകി

A) സർക്കാർ ഉത്തരവ് പ്രകാരമുള്ള വിസ്തീർണം പരിഗണിക്കാതെ നികുതി ഒഴിവാക്കി

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് അനുസരിച്ച്, വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ് (2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ, ചട്ടം 3 കാണുക). തദ്ദേശ

സ്വയംഭരണ വകുപ്പിന്റെ 27.04.2015-ലെ ജി.ഒ. (എം.എസ്.)144/2015 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 4 പ്രകാരമുള്ള നിർദ്ദേശമനുസരിച്ച് 660 ചതുരശ്ര അടി (60 ചതുരശ്ര മീറ്റർ) വരെയുള്ള വാസഗൃഹങ്ങളെയാണ് 2015-16 മുതൽ വസ്തുനികുതിയുടെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്. സഞ്ചയ സോഫ്റ്റ് വെയറിൽ ക്രോഡീകരിച്ചിട്ടുള്ള, ഗ്രാമപഞ്ചായത്ത് 1-ാം വാർഡിലെ വസ്തു നികുതി വിവരങ്ങൾ മാത്രം പരിശോധിച്ചതിൽ തന്നെ ഒട്ടേറെ കെട്ടിടങ്ങളെ നിയമ/ചട്ട പിൻബലമില്ലാത്ത കാരണങ്ങൾ മുൻനിർത്തി നികുതി ഒഴിവാക്കി നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | കെട്ടിടത്തിന്റെ ഉപയോഗക്രമം | ഉടമയുടെ പേര് | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 74 | പാർപ്പിടാവശ്യം | രാജൻ ആർ. | 82 ച.മീ |
| 2 | 208 | പാർപ്പിടാവശ്യം | ജോസഫ് ജോസഫ് | 72 ച.മീ |
| 3 | 288 | പാർപ്പിടാവശ്യം | ഗ്രേസി ജോർജ് | 65 ച.മീ |
| 4 | 291 | പാർപ്പിടാവശ്യം | റെനി സിനോജ് | 69 ച.മീ |
| 5 | 304 | പാർപ്പിടാവശ്യം | കാർത്ത്യായനി | 65 ച.മീ |
| 6 | 320 | പാർപ്പിടാവശ്യം | പ്രകാശ് കൃഷ്ണൻ | 81 ച.മീ |
| 7 | 339 | പാർപ്പിടാവശ്യം | മാനി | 69 ച.മീ |
| 8 | 340 | പാർപ്പിടാവശ്യം | നന്ദകുമാർ പി. കെ. | 76 ച.മീ |
| 9 | 355 | പാർപ്പിടാവശ്യം | എ. റ്റി. അഗസ്റ്റിൻ | 63 ച.മീ |
| 10 | 367 | പാർപ്പിടാവശ്യം | നളിനി കളത്തിൽ | 65 ച.മീ |
| 11 | 405 | പാർപ്പിടാവശ്യം | ബേബി കുവലേറ്റം | 70 ച.മീ |
| 12 | 407 | പാർപ്പിടാവശ്യം | ജിബി വർക്കി | 80 ച.മീ |
| 13 | 500 | പാർപ്പിടാവശ്യം | മുരുകേശൻ | 65 ച.മീ |
| 14 | വാർഡ് : 2 കെട്ടിട നം: 3 | പാർപ്പിടാവശ്യം | തോമസ് ചാക്കോ | 80 ച.മീ |

സമാനരീതിയിൽ നികുതി ഒഴിവാക്കപ്പെട്ട, എല്ലാ വാർഡുകളിലെയും കെട്ടിടങ്ങളുടെ വിവരങ്ങൾ പുനഃപരിശോധിക്കേണ്ടതും അനർഹമായതെന്ന് കണ്ടെത്തുന്നവ ഡിമാൻഡിൽ ഉൾപ്പെടുത്തി പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

B) ഒരേയാളുടെ ഉടമസ്ഥതയിലുള്ള ഒന്നിലധികം വാസഗൃഹങ്ങൾക്ക് നികുതി ഒഴിവാക്കി നൽകി

മുൻ ഖണ്ഡികയിൽ പരാമർശിച്ച സർക്കാർ ഉത്തരവിന് സ്പഷ്ടീകരണമായി തദ്ദേശ സ്വയം ഭരണ വകുപ്പ് 16.12.2015-ലെ ജി.ഒ (എം.എസ്.)നം. 358/15 നമ്പറായി പുറപ്പെടുവിച്ച ഉത്തരവനുസരിച്ച് 60 ചതുരശ്ര മീറ്ററിൽ താഴെ (660 സ്ക്വയർ ഫീറ്റ് വരെ) വിസ്തീർണ്ണമുള്ള എല്ലാ വാസഗൃഹങ്ങളുടേയും 2015-16 സാമ്പത്തിക വർഷം മുതൽ വസ്തു നികുതി ഒഴിവാക്കിയതിന്റെ ആനുകൂല്യം ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുംബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | വിസ്തീർണ്ണം | ഉടമയുടെ പേര്/വിലാസം |
|---|---|---|---|
| 1 | 2/256 | 17 ച.മീ | അമ്പിളി ജോസഫ്, കണയംപ്ലാക്കൽ |
| | 2/260 | 32 ച.മീ | |
| 2 | 6/455 | 28 ച.മീ | അമ്മിണി, അമ്പാട്ട് |
| | 6/455 F | 40 ച.മീ | |
| 3 | 6/656 | 35 ച.മീ | ചാക്കോ വർഗീസ് പെരുമന |
| | 6/658 A | 42.25 ച.മീ | |
| 4 | 14/274 B | 52 ച.മീ | ജോൺ മാത്യു ഹെബ്രോൻ ഭവൻ |
| | 12/270 B | 55.47 ച.മീ | |

| | | | |
|---|---|---|---|
| 5 | 12/400 | 32 ച.മീ | ജോസഫ് |
| | 12/288 | 32 ച.മീ | കിഴക്കേനാത്ത് |

ഇത്തരത്തിൽ നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ കണ്ടെത്തി വസ്തു നികുതി കുടിശ്ശിക അടക്കം ഡിമാൻഡ് ചെയ്ത് പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-16 ഉപയോഗ ക്രമത്തിനനുസൃതമായി വസ്തു നികുതി ചുമത്തുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ചില കെട്ടിടങ്ങളുടെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഉപയോഗക്രമവും വാണിജ്യ ആവശ്യത്തിന് നൽകിയ ലൈസൻസ് പ്രകാരം അനുവദിച്ചിരിക്കുന്ന ഉപയോഗക്രമവും തമ്മിൽ പൊരുത്തക്കേടുള്ളതായി കാണുന്നു. പാർപ്പിടങ്ങൾ/വീട് എന്ന വിഭാഗത്തിൽ നമ്പർ നൽകിയ കെട്ടിടങ്ങളിൽ ഹോം സ്റ്റേയ്ക്കുള്ള ലൈസൻസ് അനുവദിച്ചതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | സഞ്ചയ പ്രകാരമുള്ള ഉപയോഗ ക്രമം | കെട്ടിടത്തിന്റെ ഉപയോഗക്രമം | ഉടമയുടെ പേര് | വിസ്തീർണം |
|---|---|---|---|---|---|
| 1 | 17/398 A | പാർപ്പിടാവശ്യം | ഹോം സ്റ്റേ | ജാക്വലിൻ ആന്റണി/ ദാസമ്മ | 41 ച.മീ |
| 2 | 11/34 | പാർപ്പിടാവശ്യം | ഹോം സ്റ്റേ | സണ്ണി വർഗ്ഗീസ്/സൂപ്രണ്ട് പീരുമേട് എസ്റ്റേറ്റ് | 36 ച.മീ |

ടി കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിക്കേണ്ടതാണ്. വിവിധ ആവശ്യങ്ങൾക്കുള്ള ലൈസൻസിന് ലഭിക്കുന്ന അപേക്ഷകളിൽ പരാമർശിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയിൽ ക്രോഡീകരിച്ചിട്ടുള്ള വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി പരിശോധിച്ച് നികുതി നിർണ്ണയം ചട്ടപ്രകാരമുള്ളത് തന്നെയെന്ന് ഉറപ്പാക്കാനും ശ്രദ്ധിക്കേണ്ടതാണ്.

1-17 തോട്ടം മേഖലയിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിട നിർമാണ പെർമിറ്റ് അനുവദിച്ചു

1964-ലെ കേരള ഭൂപതിവ് ചട്ടങ്ങളിലെ ചട്ടം 04 അനുസരിച്ച് വ്യക്തികളുടെ സ്വന്തം പാർപ്പിടാവശ്യത്തിനും കൃഷിക്കും മാത്രമാണ് സർക്കാർ ഭൂമി പതിച്ച് നൽകാവുന്നത്. ഇവയൊഴികെയുള്ള യാതൊരു ആവശ്യത്തിനും കുത്തകപ്പാട്ടം എന്ന ഗണത്തിൽ ഉൾപ്പെട്ട ഭൂമി രൂപമാറ്റം വരുത്താൻ പാടില്ലായെന്നിരിക്കെ ഗ്രാമപഞ്ചായത്ത് 06.07.2019-ൽ സമർപ്പിച്ച A2-BA(181287)/2019 നമ്പർ അപേക്ഷ പ്രകാരം റെസിഡൻഷ്യൽ (A1 ഒക്യൂപൻസി) ആവശ്യത്തിന്റെ മറവിൽ റിസോർട്ട് നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചതായി കാണുന്നു. 29.07.2021-ൽ വാഗമൺ വില്ലേജ് ഓഫീസർ നൽകിയിട്ടുള്ള 67621 നമ്പർ പ്രകാരമുള്ള കൈവശ സർട്ടിഫിക്കറ്റിൽ പ്രസ്തുത 2847m2 വസ്തു വാഗമൺ വില്ലേജിൽ സർവ്വേ നമ്പർ 954-ൽപ്പെട്ടതും 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം, കൃഷി ചെയ്യുന്നതിനും വീട് വെച്ച് താമസിക്കുന്നതിനും അനുവദിച്ച ഭൂമിയിൽപ്പെട്ട വസ്തു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പണി പൂർത്തിയാക്കിയ ശേഷം കെട്ടിടം A2 ഒക്യൂപൻസിയിൽ "റിസോർട്ട്" എന്ന നിലയിലാണ് നമ്പർ അനുവദിച്ചിരിക്കുന്നത് (വാർഡ് : 17, കെട്ടിട നം: 491 F, വിസ്തീർണം:75.3 ച.മീ). പരിസ്ഥിതി ലോല മേഖലയിൽ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിട നിർമാണം സർക്കാർ കർശനമായി നിയന്ത്രിച്ചിട്ടുള്ള സാഹചര്യത്തിൽ അനധികൃതമായി നിർമിക്കപ്പെട്ട കെട്ടിടത്തിന് നമ്പർ അനുവദിച്ച് ക്രമവത്ക്കരിച്ച നടപടിക്ക് വിശദീകരണം നൽകേണ്ടതാണ്. ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-18 റേഷൻ കടകൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല

1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ്

സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ (2017-ൽ ഭേദഗതി വരുത്തിയത്) 3-ാം ചട്ടത്തിന്റെ പട്ടിക ഒന്നിൽ വരുന്ന ഇനമാണ് റേഷൻ കടകൾ. കൂടാതെ സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019ലെ (സി.എസ്.)എ9-764/2019 നമ്പർ ഉത്തരവ് പ്രകാരം റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുമില്ല. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് തൻവർഷം ലൈസൻസ് അനുവദിച്ച് നൽകുകയോ, അവയിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുകയോ ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും ലൈസൻസ് അനുവദിക്കുന്നതിനും നികുതി ചുമത്തുന്നതിനും ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികളായില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 144(4) വകുപ്പ് അനുസരിച്ച്, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ ആറിൽ ഒന്ന് (1/6) എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപ തുക പഞ്ചായത്ത് ഫണ്ടിലേക്ക് കണ്ടുകെട്ടേണ്ടതാണ്. ഇലക്ഷൻ നിക്ഷേപം ഇനത്തിൽ ₹74,500/- വാർഷിക കണക്കുകൾ പ്രകാരം നീക്കിയിരിപ്പുണ്ട്. എന്നാൽ മുൻ തെരഞ്ഞെടുപ്പിലും 2020 ഡിസംബർ മാസം നടന്ന തെരഞ്ഞെടുപ്പിലും വിജയം/പ്രസ്തുത എണ്ണം വോട്ട് ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികളായിട്ടില്ല. ടി തുകയും വരണാധികാരിയിൽനിന്ന് ലഭിച്ച 2020-ലെ തെരഞ്ഞെടുപ്പ് ഫലം അടിസ്ഥാനപ്പെടുത്തി പ്രസ്തുത വർഷത്തെ നിക്ഷേപവും പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-20 ടെണ്ടർ കിഴിവ് വരുത്താത്തത് മൂലം കരാറുകാരന് അധികം തുക നൽകി

ഒൻപതേക്കർ റോഡ് ഓട നിർമ്മാണം ₹15,00,000/- വകയിരുത്തി ആവിഷ്കരിച്ച പദ്ധതിയാണിത്. പ്രോജക്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| പ്രോജക്ട്/നം.,പേര് | ഒൻപതേക്കർ റോഡ് ഓട നിർമ്മാണം<br>88/2020-21, 216/2021-22 |
| കരാറുകാരൻ | ശ്രീ. ജേക്കബ് എബ്രഹാം |
| കരാർ നം. | 42/AE/LSGD/UPA/20-21/ തീയതി. 13.07.2020 |
| അളവ് ബുക്ക് | 645/AEE/2020-21 |
| പദ്ധതി അടങ്കൽ | ₹13,33,000/- (മെയിന്റനൻസ് ഫണ്ട് – റോഡ്)<br>₹1,67,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>ആകെ -₹15,00,000/- |
| പദ്ധതി ചെലവ് | ബിൽ റഫറൻസ് നം./തീയതി<br>21100852013800476932/04.10.2021 |

എസ്റ്റിമേറ്റ് തുകയിൽനിന്ന് 6.25% കുറവ് രേഖപ്പെടുത്തിയ ശ്രീ. ബിന്റോ ബേബി എന്ന കരാറുകാരനായിരുന്നു പ്രവൃത്തിയുടെ നിർവ്വഹണ ചുമതല ലഭിച്ചിരുന്നത്. എസ്റ്റിമേറ്റിലും റിവൈസ്ഡ് എസ്റ്റിമേറ്റിലും ഉൾപ്പെടുത്തിയിരുന്ന വിവരങ്ങളും ടെണ്ടർ കുറവ് വിവരവും ചുവടെ ചേർക്കുന്നു.

| ഇനം | തുക ₹ |
|---|---|
| ഓട നിർമ്മാണം | ₹13,38,678.85 |
| ജി.എസ്.ടി നഷ്ടപരിഹാര വിഹിതം (12%) | ₹1,60,641.46 |
| ലപ്സം തുക | 679.69 |

| | |
|---|---|
| ആകെ എസ്റ്റിമേറ്റ് തുക | ₹15,00,000/- |
| ആകെ PAC | ₹13,38,678.85 (1500000-161321.15) |
| ടെണ്ടർ കുറവ് | 6.25% |
| ക്വോട്ട് ചെയ്ത തുക | ₹12,55,679.79 |

ആദ്യ എസ്റ്റിമേറ്റിലെ ചില ഇനങ്ങളുടെ അളവിൽ വ്യത്യാസം വരുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് പദ്ധതി നടപ്പിലാക്കിയത്. ഇനം തിരിച്ചുള്ള നിരക്ക് ക്വോട്ട് ചെയ്ത് സമർപ്പിക്കപ്പെടുന്ന ടെണ്ടറുകളിൽ എസ്റ്റിമേറ്റിലെ അളവിന്റെ 25% വരെ അധികം ചെയ്യുന്ന പ്രവൃത്തികൾക്ക് കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്ക് നൽകാവുന്നതാണ് (2012-ലെ കേരള പി.ഡബ്ല്യൂ.ഡി. മാന്വൽ സെക്ഷൻ 2111 പ്രകാരം). എന്നാൽ 25 ശതമാനത്തിൽ അധികരിച്ച് ചെയ്യുന്ന അളവിന് ടെണ്ടർ കുറവ് പരിഗണിച്ച് ആയത് കുറവ് ചെയ്തതിന് ശേഷമുള്ള തുകയാണ് നൽകേണ്ടത് (ജി.ഒ.(പി)നം.54/2019/ഫിൻ. തീ. 04.05.2019 കാണുക). എന്നാൽ എസ്റ്റിമേറ്റിലെ അളവിനെക്കാൾ 25%ത്തിലും അധികമായി ചെയ്ത പ്രവൃത്തിക്ക് കരാറുകാരൻ ക്വോട്ട് ചെയ്ത 6.25% ടെണ്ടർ കുറവ് കണക്കാക്കി കുറയ്ക്കാതെ കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്കാണ് നൽകിയിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

എസ്റ്റിമേറ്റ് പ്രകാരമുള്ള അളവ്

| ഇനം നമ്പർ | പ്രവൃത്തിയുടെ കോഡ് നം./ഇനം/DSR-2016 | എസ്റ്റിമേറ്റിലെ അളവ് | 25% അധികരിച്ച അളവ് | ആകെ അനുവദനീയമായ അളവ് = (3)+ (4) | റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള അളവ് |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 3 | 11.4.3.1<br>C.C-1:2:4 | 95.625 M3 | 23.90M3 | 119.52 M3 | 150.004 M3 |

തുക അനുവദിച്ചതിന്റെ വിവരങ്ങൾ

| എസ്റ്റിമേറ്റ് പ്രകാരമുള്ള ഇനം/ അനുവദ നീയമായ അളവ് | അളവ് ബുക്ക് പ്രകാരം അനുവദിച്ച അളവ് | 25% അധികരിച്ച് ചെയ്ത അളവ് | അനുവദിച്ച നിരക്ക് | അധികമായി ചെയ്ത 30.484 M3-ന് അനുവദിക്കാവുന്ന നിരക്ക് | നൽകിയ തുക ₹ |
|---|---|---|---|---|---|
| 3)<br>95.625 M3 | 150.004 M3 | 30.484 M3 | 8035.545/M3 | 7533.323/M3<br>(8035.545-(8035.545 X 6.25%) | 1205364.01<br>(150.004x 8035.545) |

| | |
|---|---|
| ടെൻഡർ കിഴിവ് വരുത്താതിരുന്നതിനാൽ ചെലവഴിച്ച അധിക തുക | ₹15,310/- + |
| 12% ചരക്ക്-സേവന നികുതി | ₹1838 /- |
| ആകെ അധികം ചെലവഴിച്ച തുക | ₹17148/- |

അളവ് പുസ്തകത്തിൽ യഥാവിധിയുള്ള കിഴിവുകൾ വരുത്തിയ വിവരം രേഖപ്പെടുത്തേണ്ടത് അസി. എൻജിനീയറും അവയുടെ കൃത്യതയും ആധികാരികതയും ഉറപ്പ് വരുത്തേണ്ടത് ഉപരിപരിശോധന നടത്തുന്ന അസി. എക്സിക്യൂട്ടീവ് എൻജിനീയറുമാണ്. പ്രസ്തുത ഉദ്യോഗസ്ഥരുടെ വീഴ്ച മൂലം അധിക ചെലവ് സംഭവിച്ചതിനാൽ ₹17,148/- അവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/12.10.2022) അസി. എൻജിനീയർ ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹരിക്കുന്നതിന് ഉടൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

1-21 കിളച്ചെടുത്ത മണ്ണ് നികത്താൻ ഉപയോഗിച്ചില്ല

സെമിത്തേരി-ദാമോദരൻപടി റോഡിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനാണ് പ്രസ്തുത പദ്ധതി ആവിഷ്കരിച്ചത്.

പ്രോജക്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ | |
| പ്രോജക്ട്/നം. | സെമിത്തേരി-ദാമോദരൻപടി റോഡ്-സംരക്ഷണ ഭിത്തി (231/21-22) | |
| കരാറുകാരൻ | ബിന്റോ ബേബി | |
| കരാർ നം. | 40/AE/LSGD/UPA/19-20 തീയതി. 20.11.19 | |
| അളവ് ബുക്ക് | 1107/AEE/2019-2020 | |
| പദ്ധതി അടങ്കൽ | ₹10,90,000/- (മെയിന്റനൻസ് ഫണ്ട് – റോഡ്)<br>₹1,10,000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>ആകെ-₹12,00000/- | |
| പദ്ധതി ചെലവ് | ബിൽ.റഫറൻസ് നം./തീയതി | തുക ₹ |
| | 21100852013800622550/18.11.2021 | ₹86572/- |

ഈ പ്രവൃത്തിയുടെ ഇനം നമ്പർ 6 പ്രകാരം ചെയ്ത മണ്ണിട്ട് നികത്തൽ വേലയ്ക്ക് ആകെ ആവശ്യമായി വരുന്ന മണ്ണിന്റെ അളവിൽ നിന്നും ഇനം നമ്പർ 1 പ്രകാരം കിളച്ചെടുത്ത മണ്ണ് കുറവ് ചെയ്താണ് ഒറിജിനൽ എസ്റ്റിമേറ്റിൽ യഥാർത്ഥ അളവ് നിർണ്ണയിച്ചിരുന്നത്. പ്രോജക്ട് നിർവ്വഹണ വേളയിൽ എസ്റ്റിമേറ്റ് പുതുക്കുകയുണ്ടായി. മണ്ണ് കിളച്ചെടുക്കൽ-നികത്തൽ വേലകൾ റിവൈസ്ഡ് എസ്റ്റിമേറ്റിലും ആവർത്തിച്ചെങ്കിലും കിളച്ചെടുത്ത മണ്ണിന്റെ അളവ് കുറവ് ചെയ്യാതെയാണ് പുതുക്കിയ എസ്റ്റിമേറ്റിലും അളവ് പുസ്തകത്തിലും അളവുകൾ തിട്ടപ്പെടുത്തിയത്. റോഡിന്റെ വശത്തെ ഉറപ്പുള്ള മണ്ണ് കിളച്ചെടുക്കുന്നതിനുള്ള നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത് (ഇനം 1). ഉറപ്പുള്ള മണ്ണ് കുഴിച്ചെടുത്തതിനാൽ അത് ഉപയോഗ യോഗ്യമല്ലെന്ന് കരുതാൻ നിവൃത്തിയില്ല. ആകയാൽ കിളച്ചെടുത്ത ഉപയോഗപ്രദമായ മണ്ണിന്റെ അളവ് കുറയ്ക്കാത്തത് മൂലം മണ്ണിട്ട് നികത്തൽ ഇനത്തിന് അധികം തുക നൽകേണ്ടി വന്നതായി ഓഡിറ്റിൽ വിലയിരുത്തുന്നു. അതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരമുള്ള വിവരങ്ങൾ

ഇനം-6 സ്പെസിഫിക്കേഷൻ കോഡ് 3.14

Construction Of Subgrade And Earthen Shoulders

Construction Of Subgrade And Earthen Shoulders With Approved Material Obtained From Borrow Pits With All Lifts And Leads, Transporting To Site, Spreading, Grading To Required Slope And Compacted To Meet Requirement Of Table 300.2 With Lead Upto 1000 M As Per Technical Specification Clause 303.1.

| | | | | | |
|---|---|---|---|---|---|
| Filling For Water Logged Portions | 1 | 80.00 | 7.00 | 0.25 +0.4+0.25/3 | 168.00 |
| Excavated Earth ( ഇനം 1) | 1 | | | 67.500 | (-)67.500 |
| Total Quantity | | | | | 168.00 Cum |
| Total Deducted Quantity | | | | | (-)67.500 Cum |
| Net Total Quantity | | | | | 100.500 Cum |
| Say 100.500 Cum @449.18/cum | | | | | 45142.59 |

പ്രസ്തുത ഇനത്തിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള വിവരങ്ങൾ

| | | | | | |
|---|---|---|---|---|---|
| Filling For Water Logged Portions | 1 | 90.00 | 6.00 | 0.35 | 189.00 |
| | 1 | 30.000 | 6.00 | 0.30 | 54.00 |

| | |
|---|---|
| Total Quantity | 243.00 Cum |
| Total Deducted Quantity For 10% Consolidation | (-)23.400 Cum |
| Net Total Quantity | 219.600 Cum |
| Say 219.600 Cum @449.18/cum | 98600.40 |

അധികം തുക നൽകിയതിന്റെ വിവരങ്ങൾ

| | |
|---|---|
| കിളച്ചെടുത്ത മണ്ണിന്റെ അളവ് - ഘ.മീറ്റർ<br>നൽകിയ തുക | 45.60 ഘ.മീറ്റർ<br>(അളവ് ബുക്ക് പേജ്.നം -2)<br>29.16 ഘ.മീറ്റർ<br>(അളവ് ബുക്ക് പേജ്.നം -20)<br>ആകെ-74.76 ഘ.മീറ്റർ<br>₹4,485.60<br>(₹60/ഘ.മീറ്റർ X74.76) |
| നികത്താൻ ഉപയോഗിച്ച മണ്ണിന്റെ അളവ് – ഘ.മീറ്റർ<br>നൽകിയ തുക | 210.600<br>(അളവ് ബുക്ക് പേജ്.നം -24)<br>₹94,559.40<br>(210.600x449) |
| കിളച്ചെടുത്ത മണ്ണിന്റെ അളവ് കുറവ് ചെയ്ത് നൽകേണ്ടിയിരുന്ന തുക | അറ്റ അളവ്-<br>135.84 ഘ.മീറ്റർ<br>(210.600 -74.76)<br>₹60,992/-<br>(135.84 ഘ.മീറ്റർ X₹449) |
| അധികം നൽകിയ തുക | ₹33,567/-<br>(94559.40 -60992)<br>ജി.എസ്.ടി-12%<br>₹4,028.04<br>₹37,595.04 |

പ്രസ്തുത തുക (₹37,595/-) ഉത്തരവാദികളായ അസി. എഞ്ചിനീയർ, ഉപരിപരിശോധന നടത്തിയ അസി. എക്സിക്യൂട്ടിവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.3/12.10.2022) അസി. എൻജിനീയർ സമർപ്പിച്ച മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

1-22 പ്രൈമിംഗ് കോട്ടിന് അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കൃഷി ഭവൻ മെയിന്റനൻസ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| പ്രോജക്റ്റ്/നം. | കൃഷി ഭവൻ മെയിന്റനൻസ്<br>116/2021-22 |
| കരാറുകാരൻ | ശ്രീ. അഭിലാഷ് റ്റി. കെ |
| കരാർ നം. | 69/AE/LSGD/UPA/21-22 തീയതി. 15.02.2022 |
| അളവ് ബുക്ക് | 722/AEE/21-22 |

| | | |
|---|---|---|
| പദ്ധതി അടങ്കൽ | ₹6,99,000/- (മെയിന്റനൻസ് ഫണ്ട് – റോഡിതരം) | |
| പദ്ധതി ചെലവ് | ബിൽ റഫറൻസ് നം./തീയതി | തുക |
| | 2110085201380153 1834/130.03.2022 | ₹6,50,411/- |

പ്രവൃത്തിയുടെ അളവ് ബുക്ക് പ്രകാരം ഇനം.നം.21 (50.10.1-trusses), 22 (50.10.2-Purlin) എന്നിവയിൽ സ്റ്റീൽ വർക്കിനായി 1420 കി. ഗ്രാം സ്റ്റീൽ ഉപയോഗിച്ചിട്ടുണ്ട്. ഇവയുടെ സ്പെസിഫിക്കേഷനിൽ സ്റ്റീൽ ട്യൂബിൽ ഉപയോഗിക്കുന്ന സ്റ്റീൽ പ്രൈമർ പെയിന്റ് ചെയ്യുന്നത് ഉൾപ്പെടെയുള്ള നിരക്കാണ് നൽകിയിരിക്കുന്നത്. വിശദമായ സ്പെസിഫിക്കേഷൻ ചുവടെ ചേർക്കുന്നു.

Steel Work In Built Up G I Tubular ( Round, Square Or Rectangular Hollow Tubes Etc.) Trusses Etc., Including Cutting, Hoisting,fixing In Position And Applying A Priming Coat Of Approved Steel Primer, Including Welding And Bolted With Special Shaped Washers Etc Complete.

എന്നാൽ പ്രസ്തുത ഇനങ്ങൾക്ക്(trusses, Purlin) അളവ് ബുക്കിലെ (പേജ്-32) ഇനം നം.33 പ്രകാരം 13.50.3 സ്പെസിഫിക്കേഷൻ അനുസരിച്ച് 50.08 എം$^2$ വീണ്ടും പ്രൈമിംഗ് കോട്ട് പെയിന്റ് ചെയ്തതായി പരിഗണിച്ച് ₹62.27 നിരക്കിൽ ₹3,118.48നൽകി. അധികം നൽകിയ തുക ₹3,493/- (3118.48 + 12% ചരക്ക് സേവന നികുതി നഷ്ടപരിഹാരമുൾപ്പടെ) ഉത്തരവാദികളായ അസി. എഞ്ചിനീയർ, ഉപരി പരിശോധന നടത്തിയ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.3/12.10.2022) അസി. എൻജിനീയർ സമർപ്പിച്ച മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

### 1-23 മരുന്ന വാങ്ങൽ പ്രോജക്ട് - വിതരണ ഏജൻസി ഔഷധങ്ങൾ ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് തൻവർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി മരുന്നുകൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് തുക കൈമാറിയെങ്കിലും നാളിതുവരെ പ്രസ്തുത ഔഷധങ്ങൾ സ്ഥാപനം വിതരണം ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | നിർവ്വഹണ ഏജൻസി | കൈമാറിയ തുക ₹ | കൈമാറ്റ വിശദാംശങ്ങൾ | വിതരണം ചെയ്ത മരുന്നുകളുടെ മൂല്യം | ക്രമീകരിക്കാൻ ശേഷിക്കുന്ന തുക ₹ |
|---|---|---|---|---|---|
| എ) മെഡിക്കൽ ഓഫീസർ, CHC, ഉപ്പുതറ | | | | | |
| എസ്.007/22 പാലിയേറ്റീവ് കെയറിന് മരുന്ന വാങ്ങൽ | കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ തിരുവനന്തപുരം | 243584 | ബിൽ നം. 2100852008100545672/ തീ. 22.10.2021 NEFT മുഖേന സ്ഥാപനത്തിന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ശാഖയിലുള്ള 3624001800000019 നമ്പർ അക്കൗണ്ടിലേക്ക് 22.10.2021-ൽ ട്രാൻസ്ഫർ ചെയ്തു | ----- | 243584 |

പാലിയേറ്റീവ് കെയർ പോലെയുള്ള പ്രോജക്ടുകൾക്ക് വേണ്ടതായ അവശ്യ മരുന്നുകൾ പോലും യഥാസമയം ലഭിക്കാത്ത സാഹചര്യം സാധുക്കളായ രോഗികൾക്ക് അവരുടെ ജീവിത സായാഹ്നത്തിൽ എത്തിക്കേണ്ട ഏറ്റവും അനുതാപപൂർണമായ പരിചരണം നൽകുവാൻ വലിയ തടസ്സമാണ് സൃഷ്ടിക്കുന്നത്. ജീവൻരക്ഷാ മരുന്നുകൾ യഥാസമയം ലഭ്യമാക്കാനാവാത്ത അവസ്ഥ സ്വാഭാവിക നീതി നിഷേധത്തിന് തുല്യമാകയാൽ അത് ഒട്ടും തന്നെ അംഗീകരിക്കാവുന്ന വസ്തുതയല്ല. ഇൻവോയ്സിൽ ആവശ്യപ്പെട്ടിരുന്ന ഔഷധങ്ങൾ അടിയന്തിരമായി ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-24 മരണപ്പെട്ട വ്യക്തികളുടെ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ യഥാസമയം റദ്ദ് ചെയ്യുന്നില്ല

ഗ്രാമപഞ്ചായത്തിൽനിന്ന് വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റി വന്നിരുന്ന വ്യക്തികളുടെ വിശദാംശങ്ങൾ അവരുടെ മരണ രജിസ്ട്രേഷൻ രേഖകൾ ആസ്പദമാക്കി പരിശോധിച്ചതിൽ, മരണം റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് പെൻഷൻ റദ്ദാക്കുന്ന നടപടികൾ സ്വീകരിക്കുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടു. വിവിധ തീയതികളിൽ മരണപ്പെട്ടവരുടെ പെൻഷൻ ഒന്നിച്ച് റദ്ദ് ചെയ്യുന്ന രീതിയാണ് പഞ്ചായത്തിൽ തുടർന്ന് വരുന്നത്. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/13.10.2022) സെക്രട്ടറി ലഭ്യമാക്കിയ മറുപടി ഇക്കാര്യം സ്ഥിരീകരിക്കുന്നതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മരണപ്പെട്ടവരുടെ പെൻഷൻ റദ്ദാക്കിയ തീയതി | അന്നേ ദിവസം റദ്ദാക്കിയ പെൻഷനുകളുടെ എണ്ണം |
|---|---|
| 14-09-2021 | 53 |
| 12-07-2022 | 37 |
| 18-10-2022 | 9 |

അനർഹരായ പെൻഷൻ ഗുണഭോക്താക്കളെ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ധനകാര്യ വകുപ്പിന്റെ 23.09.2020ലെ സ.ഉ(സാധാ)67/2020 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതത് മാസം തന്നെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും നീക്കം ചെയ്യേണ്ടതാണെന്ന് പ്രസ്തുത മാർഗ്ഗരേഖയുടെ ഖണ്ഡിക 12-ൽ വ്യവസ്ഥ ചെയ്യുന്നു. പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതാണെന്നും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിന് ശേഷം പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടാതാണെന്നും വ്യവസ്ഥയുണ്ട് (ഖണ്ഡിക 13). പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷമുള്ള പെൻഷന് അനന്തരാവകാശികൾക്ക് അർഹതയില്ലായെന്നും അനർഹമായി തുക കൈപ്പറ്റുന്നപക്ഷം അത്തരത്തിൽ കൈപ്പറ്റിയ തുക അനന്തരാവകാശികളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണെന്നും ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്. 05.11.2020ലെ നം.67/2020/ധന. സർക്കുലർ പ്രകാരം മരണപ്പെട്ടവരെയും അനർഹരായവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശ സ്ഥാപന സെക്രട്ടറിയുടെ ചുമതലയാണ്. യഥാസമയം പെൻഷൻ റദ്ദ് ചെയ്യാതിരുന്നത് മൂലം അനർഹമായി തുക നൽകിയിട്ടുള്ളപക്ഷം കണ്ടെത്തി തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-25 ഇ-ടെണ്ടർ ഫീസ് പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിട്ടില്ല

2021-22 വർഷം അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ പദ്ധതികളിൽ 54 പദ്ധതികൾ ഇ-ടെണ്ടർ നടത്തുകയുണ്ടായി. ആയതിന്റെ ടെണ്ടർ ഫീസ് ഇനത്തിൽ ലഭിച്ചിട്ടുള്ള ₹67,836/- ഇടുക്കി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. പ്രസ്തുത തുക തിരികെ ലഭിക്കുന്നതിന് അസിസ്റ്റന്റ് എൻജിനീയർ കത്ത് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ തുക തിരികെ ലഭിച്ചിട്ടില്ല. തുക പഞ്ചായത്ത് ഫണ്ടിൽ ലഭിക്കുന്നതിന് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

1-26 ലൈഫ് ഭവനപദ്ധതി-അനർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി

ലൈഫ് ഭവനപദ്ധതിയ്ക്കായി കരാറിൽ ഏർപ്പെട്ട് ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ചില ഗുണഭോക്താക്കൾ അനർഹരാണെന്ന് പിന്നീടുള്ള പരിശോധനയിൽ കണ്ടെത്തിയതിനാൽ അവർക്ക് തുടർന്നുള്ള ആനുകൂല്യം നൽകുന്നതിന് സാധിക്കുകയില്ലെന്നും ആയതിനാൽ തുടർ നടപടികൾ സ്വീകരിക്കണമെന്നും നിലവിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ 28.05.2022ൽ ഭരണസമിതിയുടെ പരിഗണനയ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. അനർഹരെന്ന് കണ്ടെത്തിയ

ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, മേൽവിലാസം | കരാർ തീയതി | നിർമ്മാണ ഘട്ടം | അനുവദിച്ച ധനസഹായം ₹ | അർഹത ഇല്ലാതായതിനുള്ള കാരണം |
|---|---|---|---|---|---|
| 1 | സെൽവി രാജീവ് കൊട്ടുപറമ്പിൽ, പത്തേക്കർ | 02.05.2019 | തറ | 40000 | പഞ്ചായത്തിൽ നിന്നും ഭവന നിർമ്മാണത്തിന് പെർമിറ്റ് ലഭിച്ച വസ്തു വില്പന നടത്തി കൈവശാവകാശ രേഖയും പെർമിറ്റും ഇല്ലാത്ത മറ്റൊരു വസ്തുവിൽ ഭവന നിർമ്മാണം ആരംഭിച്ച് തറ നിർമ്മാണ ഘട്ടം പൂർത്തീകരിച്ചു |
| 2 | രത്തിനത്തായി വെള്ളയ്യൻ, പുത്തൂർ, ചീന്തലാർ | 21.05.2019 | മേൽക്കൂര | 300000 | ഗുണഭോക്താവ് ഉൾപ്പെട്ട റേഷൻ കാർഡിൽ ഉള്ള ശ്രീ. ചന്ദ്രൻ എന്നയാളിന് വാസയോഗ്യമായ ഭവനം നിലവിലുണ്ട് |
| 3 | സറ്റെനോയ് എം., രാശി ഭവൻ ലോൺട്രി | 2020 | ബേസ്മെന്റ് | 40000 | ഗുണഭോക്താവ് ഉൾപ്പെട്ട റേഷൻ കാർഡിൽ ഉള്ള ശ്രീ. മനോഹരൻ സി. എന്നയാളിന് വാസയോഗ്യമായ ഭവനം നിലവിലുണ്ട് |
| 4 | രഘു എസ്., മോഹൻ, ചീന്തലാർ | 2020 | അരംഭിച്ചിട്ടില്ല | 40000 | ഗുണഭോക്താവ് ഉൾപ്പെട്ട റേഷൻ കാർഡിൽ ഉള്ള ശ്രീ. ശേഖർ എസ്. സി. എന്നയാളിന് വാസയോഗ്യമായ ഭവനം നിലവിലുണ്ട് |
| 5 | മത്തായി, കാഞ്ഞിരത്തുങ്കൽ, ലോൺട്രി | 15.06.2019 | മേൽക്കൂര | 360000 | ഗുണഭോക്താവായ ശ്രീ. മത്തായി മരണപ്പെട്ടിട്ടുള്ളതും മകന് വാസയോഗ്യമായ ഭവനം നിലവിലുള്ളതുമാണ്. റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുള്ളത് പ്രസ്തുത വ്യക്തിയുടെ മകന്റെ മകൾ ആണ് |
| 6 | തോമസ് ജോസഫ്, പുത്തൻപുരയ്ക്കൽ, ഉപ്പുതറ | 30.03.2019 | ലിന്റൽ | 300000 | കരാറിൽ ഏർപ്പെട്ട സമയത്ത് ഗുണഭോക്താവിന്റെ മാതാപിതാക്കൾ സർവ്വീസ് പെൻഷണർമാരായിരുന്നു |
| 7 | കെ. വി. ലളിതമ്മ, കൃഷ്ണ ഹൗസ്, കരുന്തരുവി | 30.07.2019 | മേൽക്കൂര | 300000 | വാസയോഗ്യമായ പഴയ ഭവനം അറ്റകുറ്റപ്പണികൾ ചെയ്ത് നിലനിർത്തി അതിനോട് ചേർന്ന് രണ്ട് മുറികൾ പുതിയതായി നിർമ്മിച്ചിരിക്കുന്നു |
| 8 | ആശിഷ് പി. ആനന്ദൻ, പുത്തൻപറമ്പിൽ, അനപ്പള്ളം | 30.03.2019 | മേൽക്കൂര | 360000 | ഗുണഭോക്താവ് ഉൾപ്പെട്ട റേഷൻ കാർഡിൽ ഉള്ള ശ്രീ. ആനന്ദൻ എന്നയാളിന് വാസയോഗ്യമായ ഭവനം നിലവിലുണ്ട് |
| 9 | ഐ. ജോൺ, അജിത്ത് ഭവൻ, | 20.03.2019 | മേൽക്കൂര | 360000 | റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബാംഗങ്ങളുടെ ഉടമസ്ഥതയിൽ |

| | | | | | |
|---|---|---|---|---|---|
| | കരുന്തരുവി | | | | 25 സെന്റിൽ കൂടുതൽ വസ്തു ഉണ്ട്. ഗുണഭോക്താവിന്റെ മകൻ വിദേശത്ത് ജോലി ചെയ്യുന്നു |
| 10 | ടോമി എ. പി, ഏഴോലിൽ, കരുന്തരുവി | 06.10.2018 | തറ | 300000 | നിർമ്മാണം നടന്നു കൊണ്ടിരുന്ന മറ്റൊരു വീടിന്റെ ഭിത്തി മട്ടം കാണിച്ച് ₹3,00,000/- കൈപ്പറ്റുകയും നിലവിൽ തറ ഘട്ടം മാത്രം നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ് |
| 11 | സാബു എബ്രഹാം, തെക്കേകാലായിൽ, വളകോട് | 28.03.2019 | മേൽക്കൂര | 360000 | റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബാംഗങ്ങളുടെ ഉടമസ്ഥതയിൽ 25 സെന്റിൽ കൂടുതൽ വസ്തു ഉണ്ട്. രണ്ട് നില വീട് നിർമ്മിച്ചിരിക്കുന്നു |
| 12 | മരിയ സെൽവം, ലോൺട്രി എസ്റ്റേറ്റ് | 26.06.2020 | തറ | 40000 | ഗുണഭോക്താവിന്റെ ഭർത്താവ് ശ്രീ. വർഗ്ഗീസ് മരണപ്പെട്ടതും രണ്ട് ആൺമക്കളിൽ ഒരാൾക്ക് വാസയോഗ്യമായ ഭവനം നിലവിലുള്ളതും ഒരാൾ ലൈഫ് ഭവന പദ്ധതിയിൽ ഭവന നിർമ്മാണം നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു |
| 13 | ഭാനുമതി സോമൻ, കട്ടൻകുളങ്ങര, കരുന്തരുവി | 2020 | മേൽക്കൂര | 300000 | ഗുണഭോക്താവ് ഉൾപ്പെട്ട റേഷൻ കാർഡിൽ ഉള്ള ശ്രീ. സുരേഷ് എന്നയാളിന് വാസയോഗ്യമായ ഭവനവും അതിനടുത്തായി വാസയോഗ്യമായ കോൺക്രീറ്റ് കെട്ടിടവും നിലവിലുണ്ട് |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഭരണ സമിതിക്ക് നൽകിയ അജണ്ട കുറിപ്പിന്റെ അടിസ്ഥാനത്തിൽ 20.06.2022ൽ ചേർന്ന ഭരണസമിതിയോഗം വിഷയം ചർച്ച ചെയ്തെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥൻ യോഗത്തിൽ പങ്കെടുക്കാത്തതിനാൽ വ്യക്തമായി തീരുമാനമെടുത്തില്ല. എന്നാൽ, തുടർന്ന് ചേർന്ന ഭരണ സമിതി യോഗങ്ങളിൽ വിഷയം പരിഗണിച്ചിട്ടുമില്ല. ഉപ്പുതറ ഗ്രാമപഞ്ചായത്തിൽ ലൈഫ് രണ്ട്, മൂന്ന് ഘട്ടങ്ങളിൽ നാളിതുവരെ 944 ഗുണഭോക്താക്കൾ കരാറിൽ ഏർപ്പെടുകയും 572 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതായി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ അറിയിച്ചിട്ടുണ്ട്. മറ്റ് ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. എന്നാൽ, ലൈഫ് ഭവന പദ്ധതിയുടെ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ സംബന്ധിച്ച രേഖകൾ കൃത്യമായി പരിപാലിച്ചിട്ടില്ല. അനധികൃതമായി തുക കൈപ്പറ്റിയിട്ടുണ്ടോയെന്നും അർഹർക്ക് തുക നൽകാതെയിരുന്നിട്ടുണ്ടോയെന്നും കൃത്യമായി പരിശോധിക്കുന്നതിന് ഇക്കാരണത്താൽ സാധിക്കില്ല.

മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലും ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട ക്രമക്കേടുകളുടെ വ്യാപ്തി പൂർണ്ണമായി വെളിവാകുന്നതിന് വിശദമായ അന്വേഷണം അനിവാര്യമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇപ്പോൾ അനർഹരെന്ന് കണ്ടെത്തിയിട്ടുള്ള ഗുണഭോക്താക്കളടക്കം അനർഹമായും അധികമായും ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കുകയും രേഖകൾ കൃത്യമായി പരിപാലിക്കാത്ത നിർവ്വഹണ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

1-27 ലൈഫ് ഭവനപദ്ധതി-രേഖകൾ അപൂർണ്ണം

ലൈഫ് ഭവന പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷം ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹47,37,200/- ചെലവഴിച്ചതായി സുലേഖ ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| പ്രോജക്ട് വിവരം | ബ്ലോക്ക് വിഹിതം ചെലവ് | ഹഡ്കോ ലോൺ ചെലവ് ₹ | ആകെ |
|---|---|---|---|

| | | | |
|---|---|---|---|
| | | | ₹ |
| 168/2022 ലൈഫ് മിഷൻ വിഹിതം (ജനറൽ) | 1717200 | 3020000 | 4737200 |

ലൈഫ് ഭവനപദ്ധതിയുടെ രണ്ട്, മൂന്ന് ഘട്ടങ്ങളിൽ നാളിതുവരെ 944 ഗുണഭോക്താക്കൾ കരാർ വെച്ച് നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതായി നിലവിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ അറിയിച്ചിട്ടുണ്ട്. എന്നാൽ, വിവിധ നിർമാണ ഘട്ടങ്ങൾക്ക് ആനുപാതികമായി ധനസഹായം അനുവദിക്കുന്നതിന് സമർപ്പിക്കപ്പെട്ട ബില്ലുകളുടെ പകർപ്പുകൾ ഹാജരാക്കിയിട്ടില്ല. സുലേഖയിൽ ചെലവ് രേഖപ്പെടുത്തുന്നതിനായി വെബ് സാംഖ്യയിൽ തയ്യാറാക്കിയ ബില്ലുകളുടെ പകർപ്പ് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ബ്ലോക്ക് വിഹിതം, ഹഡ്കോ ലോൺ വിഹിതം എന്നിവയുടെ വിതരണത്തിനായി നൽകിയ റിക്വിസിഷൻ, തുക കൈമാറിയതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമല്ല. ധനസഹായത്തിന്റെ വിവിധ ഗഡുക്കൾ ട്രഷറിയിൽ നിന്ന് അതത് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്യുകയാണ് ഉണ്ടായിട്ടുള്ളത്. ആയതിനാൽ സാംഖ്യ ബില്ലുകളിൽ രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങൾ ആധികാരികമാണെന്ന് ഉറപ്പിക്കുന്നതിന് സാധിക്കില്ല.

അർഹതാ സാക്ഷ്യപത്രങ്ങൾ, കരാർ, ബാങ്ക് പാസ്സ് ബുക്കിൽ സബ്സിഡി തുകൾ ക്രെഡിറ്റ് ചെയ്തതിന്റെ പകർപ്പുകൾ, സ്റ്റേജ് സർട്ടിഫിക്കറ്റുകൾ (വാർഡ് അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരുടെ പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ), ഓരോ ഘട്ട നിർമ്മാണ പുരോഗതിയുടെയും ഫോട്ടോകൾ, തുടങ്ങിയ അടിസ്ഥാന രേഖകളടങ്ങിയ വ്യക്തിഗത ഫയലുകളുടെ അഭാവത്തിൽ, നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ചിട്ടുള്ള കണക്കുകളുടെ ആധികാരികത ഉറപ്പ് വരുത്താവാൻ സാധിക്കുന്നില്ല. ഭവന നിർമ്മാണ പദ്ധതിയുടെ സബ്സിഡി തുക രേഖകളുടെ പിൻബലമില്ലാതെ വിതരണം ചെയ്ത നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നും ഗുരുതരമായ വീഴ്ച ഉണ്ടായിട്ടുള്ളതിനാൽ തൻവർഷത്തെ ചെലവ് തുക ₹47,37,200/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ടെണ്ടർ കിഴിവ് വരുത്താത്തത് മൂലം കരാറുകാരന് അധികം തുക നൽകി

ഒൻപതേക്കർ റോഡ് ഓട നിർമ്മാണം എന്ന മരാമത്ത് പ്രവൃത്തി നടത്തിപ്പിൽ കരാറുകാരൻ ക്വോട്ട് ചെയ്ത ടെണ്ടർ കിഴിവ് പരിഗണിക്കാത്തത് മൂലം ₹17,148/- അധികം നൽകിയിട്ടുണ്ട്. അപാകങ്ങളുടെ വിശദാംശങ്ങൾ ഖണ്ഡിക 1-20ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഖണ്ഡിക ഈ ഖണ്ഡികയുടെ ഭാഗമായിരിക്കുന്നതാണ്. ഈ റിപ്പോർട്ടിലെ 4-10(ബി) ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുള്ളവർ പ്രസ്തുത നഷ്ടത്തിന് ബാധ്യതപ്പെട്ടവരായിരിക്കും.

### 3-2 കിളച്ചെടുത്ത മണ്ണ് നികത്താൻ ഉപയോഗിച്ചില്ല

സെമിത്തേരി-ദാമോദരൻപടി റോഡിൽ സംരക്ഷണഭിത്തി എന്ന പദ്ധതിയുടെ നിർവ്വഹണത്തിൽ കിളച്ചെടുത്ത മണ്ണ് ഉപയോഗിക്കാത്തതിനാൽ ₹37,595/-യുടെ അധിക ചെലവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ 1-21 ഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഖണ്ഡിക ഈ ഖണ്ഡികയുടെ ഭാഗമായിരിക്കും. ഈ റിപ്പോർട്ടിലെ 4-10(ബി) ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥർ പ്രസ്തുത നഷ്ടത്തിന് ബാധ്യതപ്പെട്ടതായിരിക്കും.

### 3-3 പ്രൈമിംഗ് കോട്ടിന് അധിക തുക നൽകി

കൃഷി ഭവൻ മെയിന്റനൻസ് എന്ന പ്രവൃത്തിയിൽ പെയിന്റിംഗ് നടത്തിയതിൽ പ്രൈമിംഗ് കോട്ടിംഗ് എന്നായിനത്തിന് അധിക നിരക്ക് നൽകിയത് വഴി ₹3,493/- അധികം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ 1-22 ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഖണ്ഡിക ഈ ഖണ്ഡികയുടെ ഭാഗമായിരിക്കുന്നതാണ്. ഈ റിപ്പോർട്ടിലെ 4-10(ബി) ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥർ പ്രസ്തുത നഷ്ടത്തിന് ബാധ്യതപ്പെട്ടവരായിരിക്കും.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|
| ഓഡിറ്റിനൊപ്പം പരിശോധിച്ചു | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട് |

### 4-2 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്റ്റിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2020-21 | 499996 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 499996 (*) | 0 |
| ജില്ലാപഞ്ചായത്ത് | 2020-21 | 210000 | ലൈഫ് ഭവന പദ്ധതി | 210000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 2059400 | ലൈഫ് ഭവന പദ്ധതി | 637814 | 1421586 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 447300 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 499996 (*) | 0 |

* ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും നേരിട്ട് നൽകിയത്.

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പഞ്ചായത്തിലെ വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ, (313/22) | 771923/23-03-2022 | 210146 | 210146 | - |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

-- ഇല്ല --

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹73,80,000/- വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹ | തൻവർഷം ലഭിച്ച വായ്പ ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ.(സാധ)/ 293336/ ഡി.ബി/1/ 510/ത.സ്വ.ഭ.വ. തീ. 23.09.14 | 169282213 | 161902213 | 7380000 | 14344000 | 0 | 154938213 |
| ജവഹർ ഭവന പദ്ധതി | സ.ഉ.(സാധ) 68/18/LSGD തീ.18.05.2018 | 18000000 | 8340000 | 0 | 1800000 | 465327 | 6540000 |

## 4-6 സ്ഥിര നിക്ഷേപം

-- ഇല്ല --

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹2,254/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 1998-99 | 21 A | 105 | ലഭ്യമല്ല | 121030102429/15-12-21 |
| 1998-99 | 21 B | 56 | | 121030102430/15-12-21 |
| 1998-99 | 22a | 360 | | 121030102437/15-12-21 |
| 1998-99 | 22a | 240 | | 121030102438/15-12-21 |
| 1998-99 | 22a | 240 | | 121030102439/15-12-21 |
| 2008-09 | 2-1 | 150 | | 121030102456/15-12-21 |
| 2008-09 | 2-4 | 353 | | 121030102462/15-12-21 |
| 2008-09 | 3-1 | 750 | | 121030102465/15-12-21 |
| ആകെ | | 2254 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 2-1 | 2006-07 | 3.35.3 | നിയമപരമായ രജിസ്റ്ററുകൾ എഴുതുന്നില്ല | തുടരുന്നു |
| 2006-07 | 3(3) | 2009-10 | 2(8) | നിക്ഷേപ വേലകൾ പൂർത്തീകരിക്കാത്തത് ₹3,14,800/- | തുടരുന്നു |
| 2014-15 | 2-9 | 2016-17 | അനുബന്ധം 3 | വസ്തുനികുതി അപാകതകൾ | തുടരുന്നു |
| 2015-16 | 2-10 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | തുടരുന്നു |

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക ₹ (രസീത് നമ്പർ/ തീയതി) | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? | റവന്യു റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക ₹ (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1998-99 | 21എ | കെ. എൻ. അശോകൻ സെക്രട്ടറി | LF.7513/ SplCell/ SC2/02 Dt.01.03.03 | 110 | - | ഇല്ല | - | - | - | - | 110 | - |

(ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യു റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2000-01 | 29 | കെ.എൻ അശോകൻ സെക്രട്ടറി | LF.20351/ SplCell/ SC2/04 | 2056 | - | - | - | - | - | 2056 | - |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | Dt. 30.11.05 | | | | | | | | |
| 2 | 2003-04 | 3-6 | ചന്ദ്രശേഖരൻ എ.ഇ. | LF-9186 Spl.Cell/ SC2/2007 Dated. 17.02.10 | 8264 | - | - | - | - | - | 8264 | - |
| 3 | 2005-06 | 3-4, 3-5 | മുഹമ്മദ് കുഞ്ഞ് | LF21419 Spl.Cell/ SC2/2009 Dated. 04.03.10 | 19376 | - | - | - | - | - | 19376 | - |
| 4 | 2010-11 | 3-8 | ദാനിയേൽ മാത്യു | LF-6984 Spl.Cell/ SC2/2013 Dated. 13.03.14 | 14000 | - | - | - | - | - | 14000 | - |
| 5 | 2014-15 | 3-3 | ഡോ. ബി. രഘുനാഥ് വെറ്ററിനറി സർജൻ | KSA-9746 Spl.Cell/ CSC/C1/2016 Dated. 14.2.2020 | 17500 | - | - | - | - | - | 17500 | - |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹124547327 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹132271787 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹58236 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 8574 | ശ്രീ. റുഡോൾഫ് പി. എച്ച് അസി. എഞ്ചിനീയർ |
| | | 8574 | ശ്രീ. കെ. എം. ഉഷാനന്ദൻ അസി. എക്സി. എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3-2 | | 18798 | ശ്രീ. റുഡോൾഫ് പി. എച്ച്<br>അസി. എഞ്ചിനീയർ |
| | | 18797 | ശ്രീ. കെ. എം. ഉഷാനന്ദൻ<br>അസി. എക്സി. എഞ്ചിനീയർ |
| 3-3 | | 1747 | ശ്രീ. റുഡോൾഫ് പി. എച്ച്<br>അസി. എഞ്ചിനീയർ |
| | | 1746 | ശ്രീ. കെ. എം. ഉഷാനന്ദൻ<br>അസി.എക്സി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

- ഇല്ല -

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

- ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | 1-26 |

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. റുഡോൾഫ് പി. എച്ച്<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>ഉപ്പുതറ ഗ്രാമ പഞ്ചായത്ത് | പുത്തൻപുരക്കൽ വീട്<br>ഓമനപ്പുഴ<br>പാതിരപ്പള്ളി പി. ഒ.<br>ആലപ്പുഴ - 688521 |
| ശ്രീ. കെ. എം. ഉഷാനന്ദൻ<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ്<br>എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ്<br>എഞ്ചിനീയർ<br>അഴുത ബ്ലോക്ക് പഞ്ചായത്ത് | കിഴക്കൻ വീട്<br>കെ.എസ്.ഇ.ബി-<br>(സബ്സ്റ്റേഷന് സമീപം)<br>കട്ടപ്പന പി. ഒ, ഇടുക്കി |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1998-1999 | കെ.എസ്.എ.ഐ.ഡി.കെ-പി3-1338/22(1998-99)/16.09.2022 | 2 | 21 എ, ബി, സി<br>22 എ, ബി |
| 2000-2001 | കെ.എസ്.എ.ഐ.ഡി.കെ-പി3-1338/22(2000-01)/16.09.2022 | 2 | 18, 29 |

| | | | |
|---|---|---|---|
| 2001-2002 | കെ.എസ്.എ.ഐ.ഡി.കെ-പി3-1338/22/16.09.2022 | 2 | 2-4, 2-10 |
| 2003-2004 | കെ.എസ്.എ.ഐ.ഡി.കെ-പി3-1338/22/16.09.2022 | 3 | 2-1, 2-3, 3-6 |
| 2005-06 | കെ.എസ്.എ.ഐ.ഡി.കെ-പി3-1338/22/16.09.2022 | 3 | 3-3, 3-4, 3-5 |
| 2006-07 | കെ.എസ്.എ.ഐ.ഡി.കെ-പി3-1338/22/16.09.2022 | 1 | 3-3 |
| 2009-10 | കെ.എസ്.എ.ഐ.ഡി.കെ-പി3-1338/22/16.09.2022 | 1 | 2-2 |
| 2010-11 | കെ.എസ്.എ.ഐ.ഡി.കെ-പി3-1338/22/16.09.2022 | 2 | 3-4, 3-8 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ-പി3-1338/22/16.09.2022 | 7 | 2-9, 2-10, 3-1, 3-2, 3-3, 3-4,3-7 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ-പി3-1338/22/16.09.2022 | 2 | 3-4, 3-6 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ-പി3-1338/22/16.09.2022 | 1 | 2-1 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ-പി3-1338/22/16.09.2022 | 1 | 3-2 |
| 2018-19 | കെ.എസ്.എ.ഐ.ഡി.കെ-പി3-1338/22/16.09.2022 | 2 | 1-13, 1-26 |
| 2019-20 | കെ.എസ്.എ.-ഐ.ഡി.കെ.-9/545/20/16.09.2022 | 10 | 1-9 മുതൽ 1-18 വരെ |
| 2020-21 | കെ.എസ്.എ.ഐ.ഡി.കെ-9/833/21, തീ. 30.09.2021 | 12 | 1-3, 1-3-6, 1-9, 1-10, 1-12, 1-13, 1-14, 1-16, 1-17, 1-18, 1-21, 1-24 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ഉപ്പുതറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്